

# അരങ്ങിനു പുറകിലെ പോരാട്ടം

The Struggle Behind the Scenes
(Malayalam)



# ഒരു സമൂഹത്തിന്റെ വിഭജനം...

യുദ്ധങ്ങൾ, പ്രക്ഷുബ്ദതകൾ, ഭീകരവാദങ്ങൾ, കുലപാതകങ്ങൾ, പട്ടിണിമരണങ്ങൾ, ദുരിതങ്ങൾ, പ്രളയങ്ങൾ, ഭൂകമ്പങ്ങൾ... ഇവ ഇന്ന് വാർത്തയല്ലാതായിത്തീർന്നിരിക്കുന്നു.

അതുമാത്രമല്ല, ഇന്നത്തെ തലമുറ മറ്റു പല പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും അഭിമുഖീകരിക്കുന്നു. പരിതസ്ഥിതി പ്രശ്നങ്ങൾ, ജനിതക പ്രശ്നങ്ങൾ, കാലാവസ്ഥാ മാറ്റങ്ങൾ, പകർച്ച വ്യാധികൾ, മുതലായവ ചിലതു മാത്രം. ഇന്നത്തെ സമൂഹം സാന്മാർഗ്ഗീക മുല്യങ്ങൾക്കു യാതൊരു വിലയും കൽപിക്കുന്നില്ല.




ഈ ലോകത്തിൽ തങ്ങൾ നിസാരന്മാരും ശക്തിഹീനരും ആണെന്ന് ചിലർ കരുതുന്നു: എന്തു കൊണ്ട് ഇപ്രകാരം സംഭവിക്കുന്നു എന്നു നാം ചോദിക്കേണ്ടതല്ലയോ ?

ഈ സംഭവവികാസങ്ങൾക്ക് ഒരു കാരണമുണ്ട്. ഇതിനൊരു പരിഹാര മാർഗ്ഗവും ഉണ്ട് എന്നുള്ളത് ഒരു സുവാർത്തയാണ്.

രാഷ്ട്രീയ നേതാക്കൾ വിഭാവനം ചെയ്യുന്ന പരിഹാര മാർഗ്ഗമല്ല നാം ചിന്തിക്കാൻ പോകുന്നത്. ആഗോള തലത്തിൽ നല്ല ഉദ്ദേശത്തോടെ സമാധാന ഉടമ്പടികളും സഹകരണ കരാറുകളും മറ്റു പദ്ധതികളും ഒപ്പു വയ്ക്കപ്പെടുന്നെങ്കിലും അധികാരക്കൊതിയും ദുരാഗ്രഹങ്ങളും മനുഷ്യ മനസ്സുകളിൽ നിന്നും ഒരിക്കലും വിട്ടു പോകുന്നില്ല.



രാഷ്ട്രീയവും സൈനീകവും സാമ്പത്തീകവുമായ കാര്യങ്ങളിൽ രാഷ്ട്രങ്ങൾ സഹകരിക്കുന്നതു പോലെ തന്നെ മതപരമായ കാര്യങ്ങളിലും ഈ യോജിപ്പു നമുക്കു കാണാൻ കഴിയും.

നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം നടന്നുകൊണ്ടിരിക്കുന്നു, എന്നാൽ ഈ യുദ്ധം അവസാനിക്കുന്നതാണ്! ആ കുഴപ്പം പിടിച്ച യാഥാർത്ഥ്യങ്ങളുടെ നടുവിലും നാം ഏറ്റെടുത്തു ചെയ്യേണ്ട ഒരു പദ്ധതി ഉണ്ട്.

നാം ഇന്ന് ജീവിക്കുന്നതായ ഈ കാലഘട്ടത്തെക്കുറിച്ചുള്ള ചില യാഥർത്ഥ്യങ്ങൾ പുസ്തകങ്ങളുടെ പുസ്തകമായ ബൈബിളിൽ പറയുന്നു.



വേദപുസ്തകത്തിലെ അവസാന പുസ്തകമായ വെളിപ്പാടിൽ മൂന്നു പ്രധാന അഭ്യർത്ഥനകളും മുന്നറിയിപ്പുകളും ദൂതുകളും നമുക്കു കാണാൻ കഴിയും. അതുകൊണ്ട് നാം ഇതിനെ വിട്ടുകളയരുത്.

ഭാവികാര്യങ്ങളെക്കുറിച്ചറിയാൻ ആഗ്രഹിക്കുന്ന നിങ്ങളോടു പ്രത്യേകമായി ബൈബിൾ സംസാരിക്കുന്നു!

ബൈബിൾ പ്രവചനങ്ങൾ ഒരിക്കലും തെറ്റിയിട്ടില്ല! അതുകൊണ്ടു അവസാനകാല പ്രവചനങ്ങൾ നിറവേറ്റപ്പെടും എന്നു നാം വിശ്വസിക്കുന്നു.

ഇന്നു നിറവേറിക്കൊണ്ടിരിക്കുന്ന പ്രവചനങ്ങളുടെ ഒരു പരമ്പര നമ്മുടെ വെളിപ്പാടു പുസ്തകത്തിൽ കാണാൻ കഴിയും! അതിനെ അടുത്തറിയാൻ നമുക്കു സാധിക്കും.

# ഒന്നാം ദൂത്

**ബൈബിളിന്റെ അവസാന പുസ്തകമായ വെളിപ്പാട് പ്രവചനത്തിലെ ഒന്നാം ദൂതന്റെ ദൂതിൽ ചരിത്രത്തെക്കുറിച്ചും ഈ കാലത്തെക്കുറിച്ചും, വരുവാനുള്ള കാലത്തെക്കുറിച്ചും ഉള്ള പ്രവചനങ്ങളുടെ ഒരു പരമ്പര നമുക്കു കാണാൻ കഴിയും. ഈ കാലത്തേയ്ക്കു യോജിച്ചതും നാം ശ്രദ്ധയോടെ പഠിക്കേണ്ടതുമായ മൂന്നു അതുല്യമായ ദൂതുകൾ നമുക്കു കണ്ടെത്താൻ കഴിയും.**

എയിഞ്ചലോൺ (Angelon) എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം:

ദൂതൻ അഥവാ ദൂതുവാഹകൻ എന്നാണ്. ദൈവഇഷ്ടത്തിനു വിധേയപ്പെട്ടു തങ്ങളുടെ ശക്തിക്കനുസരിച്ചു ലോകത്തോടു നിത്യസുവിശേഷം അറിയിക്കുന്ന സ്ത്രീ പുരുഷന്മാരെയാണ് മൂന്നു ദൂതന്മാർ സാദൃശീകരിക്കുന്നത്.

## നിത്യസുവിശേഷം

എന്താണ് നിത്യസുവിശേഷം? യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായം 16-ാം വാക്യത്തിൽ നിത്യസുവിശേഷത്തെക്കുറിച്ചു ചുരുക്കമായി വിശദീകരിച്ചിരിക്കുന്നു:

> തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16).

വിലക്കപ്പെട്ട കനി തിന്നു ദൈവത്തോടു അനുസരണക്കേടു കാണിച്ച ആദമിന്റേയും ഹവ്വയുടേയും കഥ നമുക്കു എല്ലാവർക്കും അറിയാം. തങ്ങൾക്കു നൽകിയിരിക്കുന്ന മുന്നറിയിപ്പ് ലംഘിച്ചാൽ മരിക്കേണ്ടിവരും എന്ന് അവർക്ക് അറിയാമായിരുന്നു. ഈ കഥയുടെ പിറകിൽ സകല മനുഷ്യവർഗ്ഗത്തേയും ബാധിച്ച വലിയ ദുരന്തമാണ് മറഞ്ഞിരിക്കുന്നത്. പാപത്തിന്റെ ശമ്പളം മരണമത്രേ (റോമർ. 6:23) എന്നു ബൈബിൾ ഉറപ്പിച്ചു പറയുന്നു, ഈ മരണം നിത്യമരണമാണ്. നമ്മുടെ സൃഷ്ടിതാവായ ദൈവം ജീവന്റെ ഉറവിടമാണ്. നമ്മുടെ ആദിമ മാതാപിതാക്കൾ ദൈവത്തിന്റെ മുന്നറിയിപ്പുകൾ അവഗണിച്ചപ്പോൾ യഥാർത്ഥത്തിൽ അവർ ജീവന്റെ ദാതാവിനെയാണ് ഉപേക്ഷിച്ചത്. എന്നാലും ദൈവം മനുഷ്യനെ സ്നേഹിക്കുന്നു. മരണത്തിന്റെ ശിക്ഷാവിധി അവൻ ഏറ്റെടുത്തു നമ്മുടെ പകരക്കാരനായി കഷ്ടത അനുഭവിക്കുന്നതിനു വേണ്ടി






സ്വപുത്രനെ ഈ ലോകത്തിലേക്കു അയച്ചു. ദൈവമായ കർത്താവു മനുഷ്യനായി ഈ ലോകത്തിലേക്കു വന്നു. (യോഹ. 1:1–3, 14; ഫിലി. 2:5–8).

ഒരു മനുഷ്യൻ എന്ന നിലയിൽ അവൻ സകലത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടു. അവൻ അകൃത്യം ഒന്നും ചെയ്യാതിരുന്നിട്ടും നമ്മുടെ സ്ഥാനം വഹിച്ചു പാപം കൂടാതെ ഒരു വിശുദ്ധ ജീവിതം നയിച്ചു. ദൈവത്തിന്റെ ശക്തിയാൽ ക്രിസ്തു സകല പരീക്ഷകളേയും അതിജീവിച്ചു. (എബ്രാ. 2:17, 18).

ഇതു നിവർത്തിച്ചതു അവൻ മാത്രമാണ്. (റോമർ. 3:23). എന്നേയും നിങ്ങളേയും വിടുവിക്കുന്നതിനു വേണ്ടി അവൻ അത്യന്തികമായി തന്റെ ജീവനെ അർപ്പിച്ചു.

ദൈവവചനം ഇപ്രകാരം പറയുന്നു:

“ന്യായപ്രമാണ പ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല.” (എബ്രായർ. 9:22)

അതുകൊണ്ട് വിശ്വാസത്താൽ ക്രിസ്തുവിന്റെ ക്ഷണം സ്വീകരിക്കേണ്ടത് ഞാനും നിങ്ങളും ആണ്. നിങ്ങൾ ഒരു പാപിയാണെന്ന് അംഗീകരിച്ചു ക്രിസ്തുവിങ്കലേക്കു വരികയണെങ്കിൽ പാപഭാരത്തിൽ നിന്നും നിങ്ങൾ വിടുവിക്കപ്പെടുന്നതാണ്.

ബൈബിൾ ഇപ്രകാരം പ്രസ്താവിക്കുന്നു:

“നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.” (1 യോഹന്നാൻ. 1:9).

വിശ്വാസത്താലുള്ള ഈ നീതീകരണത്തെ അംഗീകരിക്കുന്ന ഏവനും രക്ഷിക്കപ്പെടും. ഇത് സുവാർത്ത അല്ലേ?

## ദൈവത്തെ ഭയപ്പെട്ടു അവനു മഹത്വം കൊടുപ്പിൻ

നാം യേശുവിനോടു അതേ എന്നു പറഞ്ഞാൽ നമ്മുടെ ജീവൻ നഷ്ടപ്പെടുകയില്ല. ക്രിസ്തുവിനോടൊത്തു നമ്മുടെ ജീവിതം ആരംഭിക്കുന്നു. നമ്മിൽ ഒരു മാറ്റം സംഭവിച്ചിരിക്കുന്നത് നമ്മുടെ തുടർന്നുള്ള ജീവിതത്തിലൂടെ നമുക്ക് കാണാൻ കഴിയും. നാം മനസ്സു പുതുക്കി പൂർണ്ണമായി രൂപാന്തരപ്പെടും എന്നു ബൈബിൾ പ്രസ്താവിക്കുന്നു. (റോമ. 12:2). നാം യേശുവിനോടു അതെ എന്നു ഉത്തരം പറയുന്നതിലൂടെ പരിശുദ്ധാത്മാവു നമ്മുടെ ഹൃദയത്തിൽ വന്നു



ഇപ്രകാരം സംഭവിക്കുന്നതാണ്. പിന്നീടു നാം പരിശുദ്ധാത്മാവിന്റെ സഹായത്താൽ നമ്മുടെ സ്വന്തം വഴികളിൽ നടക്കാതെ ദൈവം പറയുന്നതുപോലെ അവനെ അനുഗമിക്കുന്നതാണ്. ശത്രുതയ്ക്കും, കോപത്തിനും ദുഷ്കാമത്തിനും പകരം സ്നേഹം, സന്തോഷം സമാധാനം, പരോപകാരം, വിശ്വസ്തത, എന്നീ സ്വഭാവങ്ങൾ നമ്മുടെ ജീവിതത്തിൽ വെളിവാകുന്നതാണ്. (ഗലാ. 5:16-26). ദൈവത്തിന്റെ സഹായമില്ലാതെ നമ്മുടെ കഴിവു കൊണ്ടു ഇതു നമുക്കു ചെയ്യാൻ കഴികയില്ല. അതുകൊണ്ടു ദൈവത്തിനു മഹത്വം കൊടുക്കുക എന്നു പറഞ്ഞാൽ ദൈവത്തിന്റെ സ്വഭാവം നമ്മിൽ വെളിപ്പെടുത്തുക എന്നാണ് അർത്ഥം. ഇപ്രകാരം നമ്മുടെ ചുറ്റും ഉള്ളവർക്കു ദൈവത്തെ മനസ്സിലാക്കി കൊടുക്കാൻ നമുക്കു സാധിക്കും. യേശു നമുക്കു മാതൃക കാണിച്ചു തന്നിട്ടുണ്ട്, ദൈവത്തിന്റെ സഹായത്താൽ നമ്മുടെ ജീവിതത്തിലും ഉപദേശത്തിലും അവന്റെ സ്വഭാവം വെളിപ്പെടുത്തുന്നതിലൂടെ ദൈവവേല ചെയ്യുന്നത് നമ്മുടെ ദൗത്യമാണ്. (1 പത്രോ. 2:21; എഫെ. 3:10).

യേശുവിനോടൊത്തു ജീവിച്ചു അവന്റെ സ്വഭാവം നമ്മിൽ പകർത്തുന്നതിന് പലകാര്യങ്ങൾ ഉണ്ടായിരിക്കേണം. യേശു ഇതിനെക്കുറിച്ചു ഇപ്രകാരം പറയുന്നു:

“പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞതു: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ.” (മത്താ. 16:24). “നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും.” (യോഹന്നാൻ 14:15).

യേശുവിനെ വിശ്വാസത്താൽ സ്വീകരിക്കുന്ന ഒരു വ്യക്തി ദൈവകൽപനകൾ അനുസരിക്കാൻ അവന്നു ഇഷ്ടം തോന്നും. ദൈവകൽപനകൾ ദൈവഇഷ്ടം വെളിവാക്കുന്നു. നാം ദൈവത്തോടും അന്യോന്യവും എപ്രകാരം സ്നേഹിക്കേണം എന്നു മനസ്സിലാക്കുന്നതിനു വേണ്ടിയാണ്, ദൈവകൽപന നമുക്കു നൽകിയിരിക്കുന്നത്.

യോഹന്നാന്റെ ഒന്നാം ലേഖനത്തിന്റെ വെളിച്ചത്തിൽ ദൈവം നമ്മെ പരിശോധിക്കുന്നതു എപ്രകാരമാണ്?

“അവന്റെ കൽപനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു അതിനാൽ അറിയുന്നു. അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ

കൽപനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു. സത്യം അവനിൽ ഇല്ല. അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ ദൈവ സ്നേഹം വാസ്തവമായി അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നമുക്കു അറിയാം. അവനിൽ വസിക്കുന്നു എന്നു പറയുന്നവർ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു."
(1 യോഹന്നാൻ 2:2-6.)

അതുകൊണ്ട് ദൈവത്തെ ഭയപ്പെടുന്നതും അനുസരിക്കുന്നതും ഒന്നു തന്നെയാണ്.

ദൈവം നമ്മെ രക്ഷിച്ചതിനു വേണ്ടി നാം യഥാർത്ഥമായി എത്ര മാത്രം നമ്മെ വിശുദ്ധീകരിക്കണം എന്നു മനസ്സിലാക്കുമ്പോൾ അവന്റെ കൽപനകളെ സന്തോഷത്തോടെ അനുസരിക്കുന്നതാണ്. അപ്പോൾ നാം ന്യായപ്രമാണത്തിന്റെ ദാസ്യത്തിനു കീഴിലല്ല, നമ്മെ ആദ്യം സ്നേഹിച്ച ദൈവത്തെ സ്നേഹത്തോടും നന്ദിയോടും കൂടെ അനുസരിക്കുന്നതാണ്.

യേശു സ്വർഗ്ഗാരോഹണം ചെയ്തു പോയപ്പോൾ അവൻ തന്റെ ശിഷ്യന്മാരോടു ഇപ്രകാരം പറഞ്ഞു:




"എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിക്കും."
(അപ്പൊ. 1:8)

ഇതേ ശക്തി നമുക്കും നൽകപ്പെട്ടിരിക്കുന്നു. പാപത്തെ ജയിക്കുന്നതിനു വേണ്ടി യേശുവിനു നൽകപ്പെട്ട അതേ ശക്തി പാപത്തിന്റെ ശോധനയിൽ നിന്നും നമ്മെ വിടുവിക്കുന്നതിനു വേണ്ടി നമുക്കും നൽകപ്പെട്ടിരിക്കുന്നു. (യോഹ. 5:20; 1 കൊരി. 10:13). ക്രിസ്തുവിന്റെ അനുഗാമി വചനം കേൾക്കുക മാത്രമല്ല അതിനെ അനുസരിക്കുന്നതും ആണ്. യഥാർത്ഥ വിശ്വാസം തിരിച്ചറിയുന്നത് ഫലത്താലാണ്. നമ്മുടെ ജീവിതം അഥവാ പ്രവർത്തികൾ ദൈവേഷ്ടത്തിനു അനുസരിച്ചു ആയിരിക്കണം. (യോഹ. 1:22; 2:14-26; 1 യോഹ. 2:25).

ദൈവത്തെ അനുസരിക്കുന്നവർക്കു വേണ്ടി ദൈവാത്മാവു നൽകപ്പെടുന്നു എന്നു ബൈബിൾ വ്യക്തമാക്കുന്നു. (അപ്പൊ. പ്ര. 5:32). പാപം ചെയ്യാതിരിക്കുന്നതിനു വേണ്ടി നമ്മെ സഹായിക്കുന്നതും ഇതേ ആത്മാവാണ്. ബൈബിൾ വാഗ്ദത്തം ഇപ്രകാരമാണ്:

"ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്തു അവനിൽ വസിക്കുന്നു, ദൈവത്തിൽ നിന്നും ജനിച്ചതിനാൽ അവന്നു പാപം ചെയ്യാൻ കഴികയില്ല."
(1 യോഹ. 3:9; 2 പത്രൊ. 1:4)

നാം അവന്റെ വാഗ്ദത്വത്തിൽ വിശ്വസിക്കുമ്പോൾ നാം നേരിടുന്ന പാപത്തിന്റെ ഏതു ശോധനയിൽ നിന്നും ജയം നേടാനുള്ള സഹായം നമുക്കു ലഭിക്കുന്നതാണ്.
നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ

തുറകളിലും ആത്മീയമായ ശക്തി നിങ്ങൾ അനുഭവിച്ചറിയും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ദൈവ ത്തിന്റെ സഹായം മറന്നാൽ പരീക്ഷയിൽ അകപ്പെടും, പിന്നെ എന്തു? എന്നു നിങ്ങൾ ചോദിക്കു മായിരിക്കും. ദൈവ സഹായം മറന്നു കളയുന്നത് നാമാണെന്നുള്ള കാര്യം നാം വിസ്മരിക്കരുത്. അതുകൊണ്ടു യേശുവിനോടു വീണ്ടും നിരന്നു കൊള്ളേണ്ടത് പ്രധാനപ്പെട്ട കാര്യ മാണ്. നമ്മെ സ്വീകരിക്കുന്നതിനു അവൻ ഒരുക്കമാണ്, അതു പോലെ അനുതപിക്കുന്ന പാപിയോടു അവൻ ക്ഷമിക്കുകയും ചെയ്യുന്നു. നമ്മെ പാപബോധത്തിലേയ്ക്കും അനുതാപ ത്തിലേയ്ക്കും പാപക്ഷമയിലേയ്ക്കും നയിച്ചു ക്രിസ്തു നൽകുന്ന രക്ഷ ലഭിക്കുന്നതിനു വേണ്ടി പരിശു ദ്ധാത്മാവു നമ്മെ ക്ഷണിക്കുന്നു. ബൈബിൾ ഇപ്രകാരം പറയുന്നു:

"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു. നമ്മുടേതിനു മാത്രമല്ല, സർവ്വ ലോകത്തിന്റെ പാപത്തിനും തന്നേ." (1 യോഹ. 2:1, 2)

തങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു എന്നു ചിന്തി ക്കുന്നവർക്ക് ഇത് സന്തോഷകരമായ വാക്കുകൾ ആണ്. നിങ്ങൾ ഇതിൽ ഒരാളാണെങ്കിൽ യേശു നിങ്ങളെ സ്വീകരിപ്പാൻ എപ്പോഴും ഒരുക്ക മാണെന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം . രക്ഷയ്ക്കു വേണ്ടി മറ്റൊരു മാർഗ്ഗവും ഇല്ല. നാം രക്ഷിക്കപ്പെടുന്നതിന് യേശുവിലൂടെ കടന്നു പോകണം. അതുകൊണ്ട് യേശു ഇപ്രകാരം പറഞ്ഞു:

"ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തര മല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല."
(യോഹ. 14:6).

ദൈവത്തിന്റെ നിത്യ സുവിശേഷം പ്രമാണിക്കുന്നതിനും ദൈവത്തിനു മഹത്വം കൊടുക്കുന്ന തിനും നാം യേശുവിനെ നമ്മുടെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചാൽ മാത്രം പോരാ, കർത്താവിനോടു കൂടെ ദിവസവും ജീവിക്കുകയും അവന്റെ സ്വഭാവം നമ്മിൽ വെളിപ്പെടുത്തുകയും വേണം. സ്വർഗ്ഗീയ ഭരണകൂടവുമായി നാം ഇപ്രകാരം സഹകരിക്കുമ്പോൾ കർത്താവിനു വേണ്ടി ജീവിക്കുന്ന സാക്ഷികളായിത്തീരുന്നതിനുള്ള സഹായം നമുക്കു ലഭിക്കുന്നതാണ്. അതു മാത്രമല്ല തന്റെ ജനത്തെ കൂട്ടിച്ചേർക്കുവാൻ കർത്താവു വരുമ്പോൾ അവന്റെ കൃപയാൽ നാം ഒരുക്കപ്പെട്ടവരായി കാണപ്പെടുന്ന താണ്. നമ്മുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവാൻ ബൈബിൾ നമ്മോടു പറയുന്നു.

"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിര മാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്ക യാൽ നിങ്ങൾ താന്താങ്ങൾക്കുള്ള വരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടു ത്തുവിൻ". (1 കൊരി. 6:19, 20).

നമ്മുടെ ശരീരത്തെ ഒരു മന്ദിരമായിട്ടു



താരതമ്യം ചെയ്യുന്നതിലൂടെ നമ്മുടെ ചിന്തകളെ ഉജ്ജ്വലിപ്പിക്കുകയല്ലേ? പഴയനിയമകാലത്തു മന്ദിരത്തെ ദൈവത്തിനു സമർപ്പിച്ചിരുന്നു, അതുപോലെ നമ്മുടെ ശരീരങ്ങളേയും ദൈവത്തിനു സമർപ്പിക്കണം. നമ്മളാൽ ആവോളവും ദൈവസഹായത്താലും അവൻ നമുക്ക് തന്ന ശരീരത്തിന് ഏറ്റവും നല്ല ശ്രദ്ധ നാം കൊടുക്കണം. പ്രകൃതി നമുക്കു തരുന്ന ലളിതമായ പ്രതിവിധികളിലേക്ക് നാം മടങ്ങിപ്പോകണം. ശുദ്ധവായു സൂര്യപ്രകാശം, ശാരീരിക വ്യായാമം, ആരോഗ്യകരമായ ഭക്ഷണം, നല്ല ശുചിത്വം, ആവശ്യത്തിനു ഉറക്കവും വിശ്രമവും, ശുദ്ധജലം, ദൈവത്തിൽ ആശ്രയം എന്നിവ ആണ് പ്രകൃതിയിലൂടെ നമുക്കു ലഭിക്കുന്ന രോഗപ്രതിരോധ മാർഗ്ഗങ്ങൾ.

അപ്പോൾ നമുക്ക് ശാരീരികവും മാനസീകവും ആത്മീയവുമായ ഒരു നല്ല ജീവിതം ലഭിക്കുന്നതാണ്. നമ്മുടെ ശരീരത്തിന് ഏറ്റവും നല്ല ശ്രദ്ധ കൊടുക്കുന്നതിലൂടെ സൃഷ്ടിതാവിന് മഹത്വം കരേറ്റുന്നു. ഇതാണ് ക്രിസ്തുവിന്റെ ഓരോ അനുഗാമിയും ചെയ്യേണ്ടത്.

ഒന്നാം ദൂതിന്റെ രണ്ടാം ഭാഗം നമുക്ക് പരിശോധിക്കാം, അതു നാം ഇന്നു വളരെ ഉച്ചത്തിൽ ഘോഷിക്കേണ്ടതാണ്:

## അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു

കർത്താവിന്റെ വരവിനു മുമ്പ് തന്നെ രക്ഷിക്കപ്പെടുന്നത് ആരാണെന്നും നഷ്ടപ്പെടുന്നവർ ആരാണെന്നും മുൻകൂട്ടി തീരുമാനിക്കും എന്നു ബൈബിൾ പ്രസ്താവിക്കുന്നു. ഏതു വിഭാഗത്തിൽ ഉൾപ്പെടണം എന്നു തീരുമാനിക്കുന്നത് യഥാർത്ഥത്തിൽ നാം തന്നെയാണ്. സ്വർഗ്ഗീയ മന്ദിരത്തിൽ പിതാവിന്റെ സന്നിധിയിൽ യേശു നമ്മുടെ മഹാപുരോഹിതനായി നമുക്കുവേണ്ടി പക്ഷവാദം ചെയ്തു കൊണ്ടിരിക്കുന്നു. സ്വർഗ്ഗത്തിൽ നമുക്കു വേണ്ടി കർത്താവു ചെയ്തു കൊണ്ടിരിക്കുന്ന ശുശ്രൂഷ മനസ്സിലാക്കുന്നതിനു വേണ്ടി അതിന്റെ ഒരു മാതൃക ദൈവം നമുക്കു നൽകിയിരിക്കുന്നു. ഭൂമിയിലെ മന്ദിരത്തെക്കുറിച്ചു പഴയനിയമത്തിൽ നമുക്കു വായിച്ചു മനസ്സിലാക്കാൻ കഴിയും, ഇതിനെ സ്വർഗ്ഗീയ മന്ദിരത്തിന്റെ ദൃഷ്ടാന്തവും നിഴലുമായി പൗലൊസ് അപ്പൊസ്തലൻ ചിത്രീകരിക്കുന്നു. (എബ്രാ. 8:5). സ്വർഗ്ഗീയ മന്ദിരത്തിന്റെ ഒരു പകർപ്പായിരുന്നു ഇത്. എബ്രായർ 8, 9 അദ്ധ്യായങ്ങളിൽ നിങ്ങൾക്ക് ഇതിനെക്കുറിച്ചു വായിക്കാൻ കഴിയും. ഭൂമിയിലെ മന്ദിരത്തിന്റെ ആദ്യഭാഗത്ത് പുരോഹിതൻ എല്ലാ ദിവസവും ശുശ്രൂഷ ചെയ്തിരുന്നു. ഇതിനെ വിശുദ്ധസ്ഥലം എന്നു വിളിച്ചിരുന്നു (ലേവ്യ. 4).




വർഷത്തിൽ ഒരിക്കൽ, വിശുദ്ധ മന്ദിരത്തിലെ ശുശ്രൂഷകളുടെ അവസാനം പാപപരിഹാര ദിവസത്തിൽ മഹാപുരോഹിതൻ മന്ദിരത്തിന്റെ രണ്ടാം ഭാഗമായ അതിപരിശുദ്ധസ്ഥലത്ത് പ്രവേശിക്കുന്നു. (എബ്രാ. 9:7). പഴയനിയമകാലത്ത് സമാഗമനകൂടാര ശുശ്രൂഷയിൽ യാഗമൃഗത്തിന്റെ രക്തത്തിലൂടെ ജനങ്ങളുടെ പാപങ്ങൾ മന്ദിരത്തിലേയ്ക്കു മാറ്റപ്പെടുന്നു. ഈ പ്രത്യേക പാപപരിഹാര ദിവസം ദൃഷ്ടാന്തമായി മാറ്റപ്പെട്ട ജനങ്ങളുടെ പാപത്തിൽ നിന്നും മന്ദിരം ശുദ്ധീകരിക്കപ്പെടുന്നതാണ്. (ലേവ്യർ. 4, 16 അദ്ധ്യായങ്ങൾ വായിക്കുക) കൂടാരപ്പെരുന്നാളിനു ഇനി വളരെ കുറച്ചു നാളുകൾ മാത്രമുള്ളതു കൊണ്ടു മന്ദിരത്തെ ഇപ്രകാരം ദൃഷ്ടാന്തമായി ശുദ്ധീകരിക്കേണ്ടത് ആവശ്യമാണ്. കൂടാരപ്പെരുന്നാൾ സന്തോഷത്തിന്റെയും നന്ദിയർപ്പണത്തിന്റേയും പെരുന്നാളാണ്.

പഴയനിയമകാലത്ത് സമാഗമന കൂടാരത്തിലെ പൗരോഹിത്യ ശുശ്രൂഷകൾ യേശു സ്വർഗ്ഗീയ മന്ദിരത്തിൽ നിർവ്വഹിക്കാൻ പോകുന്നതിന്റെ ഒരു ദൃഷ്ടാന്തമായതുകൊണ്ടു കർത്താവു തന്റെ ജനത്തെ കൂട്ടിച്ചേർക്കുന്ന സന്തോഷ ദിവസത്തിനു മുമ്പ് ഒരു ന്യായവിധി ദിവസമുണ്ടെന്നുള്ള കാര്യം തീർച്ചയാണ്.

ഈ ന്യായവിധി ദിവസത്തിൽ സ്വർഗ്ഗീയ മന്ദിരം ശുദ്ധീകരിക്കപ്പെടുന്നതാണെന്ന് ദാനീയേൽ പ്രവാചകൻ നമ്മോടു പറയുന്നു.

ന്യായവിധി ആരംഭിക്കാനുള്ള സമയം മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്നു എന്നു ദാനീയേൽ പ്രവചനം 8-ാം അദ്ധ്യായം 14-ാം വാക്യത്തിൽ പറയുന്നു.

ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു എന്നുള്ള ശീർഷകത്തോടു ഇത് യോജിക്കുന്നു. ഈ പ്രത്യേക നാഴിക/കാലം എപ്പോഴാണ് വരുന്നത്? രണ്ടായിരത്തി മുന്നൂറു സന്ധ്യയും ഉഷസ്സും തികയുമ്പോൾ ന്യായവിധി ആരംഭിക്കും എന്നു ദാനീയേൽ പ്രവചിച്ചിരിക്കുന്നു.




പ്രവചനത്തിൽ ഒരു ദിവസം ഒരു വർഷമാണ്. (യെഹെ. 4:6). അതുകൊണ്ടു ദൈർഘ്യമേറിയ ഈ പ്രവചനത്തെക്കുറിച്ചു നമുക്കു ചിന്തിക്കാം.

ഈ പ്രവചനം എപ്പോൾ തുടങ്ങും എന്നു അൽപം കഴിഞ്ഞു ദാനീയേൽ പ്രവചനത്തിൽ നമുക്കു കണ്ടെത്താൻ കഴിയും. (ദാനീ. 9:25). ഈ പ്രവചനത്തിന്റെ പ്രാരംഭം കുറിക്കുന്ന സംഭവം B C. 457 ലെ ശരത്കാലത്തിൽ നിറവേറി എന്ന് ചരിത്രം നമ്മോടു പറയുന്നു.

2300 വർഷപ്രവചനം നാം കണക്കു കൂട്ടുമ്പോൾ അത് 1844-ൽ അവസാനിക്കുന്നതായി നമുക്കു കാണാൻ കഴിയും. സ്വർഗ്ഗത്തിൽ ന്യായവിധി ആരംഭിക്കുന്നത് ഈ പ്രവചനത്തിന്റെ സമാപ്തിയിലാണ്.

ഈ ന്യായവിധി ആരംഭിക്കുന്നത് ദൈവത്തിനു വേണ്ടി സമർപ്പിക്കപ്പെട്ട ദൈവമക്കളിൽ ആണ്. (1 പത്രൊ. 4:17). സ്വർഗ്ഗീയ മന്ദിരത്തിന്റെ രണ്ടാം ഭാഗമായ അതിപരിശുദ്ധ സ്ഥലത്തു കാണപ്പെട്ട ദൈവ കൽപനയുടെ വെളിച്ചത്തിൽ അവരുടെ പേരുകൾ പരിശോധിക്കപ്പെടുന്നു. (എബ്രാ. 9:3, 4).

പഴയനിയമകാലത്ത് ജനം പാപപരിഹാര ദിവസത്തിനു മുമ്പ് തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞു പ്രായശ്ചിത്തം വരുത്തേണ്ടതാണ്.

അതുപോലെ യേശു നമ്മുടെ പാപങ്ങൾക്ക് പരിഹാരം വരുത്തുന്നതിനു വേണ്ടി നമ്മുടെ പാപങ്ങൾ ദൈവസന്നിധിയിൽ ഏറ്റുപറയേണ്ടതാണ്. സ്വർഗ്ഗത്തിൽ "ന്യായവിധി ദിവസം" അവസാനിക്കുമ്പോൾ കൃപയ്ക്കു വേണ്ടിയുള്ള നമ്മുടെ അവസരം അവസാനിക്കുന്നതാണ്.

നമ്മുടെ രക്ഷിതാവും കർത്താവും ആയ യേശു വീണ്ടും വരുന്നതിനു മുമ്പ് ഇത് സംഭവിക്കുന്നതാണ്. തങ്ങളുടെ തെറ്റുകളെ മനസ്സിലാക്കി അതിനെ ഏറ്റു പറഞ്ഞു പ്രാർത്ഥിക്കുന്നവർക്കു മാത്രമേ യേശുവിന്റെ രക്തത്താൽ ശുദ്ധീകരണവും പാപക്ഷമയും ക്രിസ്തു മൂലം ലഭിക്കുകയുള്ളൂ. മറ്റെല്ലാവരും നഷ്ടപ്പെടുന്നതാണ്. യേശുവിനു അവരെ രക്ഷിക്കാൻ ആഗ്രഹ

മുണ്ടെങ്കിലും അവർക്കു രക്ഷയുടെ ദാനം ലഭിക്കാത്തതു കൊണ്ട് അവരെ രക്ഷിക്കാൻ കഴികയില്ല. ദൈവം അവർക്കു വേണ്ടി ദുഃഖിക്കുന്നുണ്ടെങ്കിലും തീരുമാനം എടുക്കാൻ താമസിച്ചാൽ അവരുടെ പ്രവർത്തിക്കു തക്കവണ്ണം ന്യായവിധി ലഭിക്കുന്ന ഒരു ദിവസം വരും.

രക്ഷിക്കപ്പെടാത്തവരെ തീയിലും ഗന്ധകത്തിലും ഇട്ടു നശിപ്പിച്ചു കളയും എന്നു വേദപുസ്തകം പറയുന്നു. (വെളി. 20:12; 21:8).

യേശു ഇപ്പോൾ സ്വർഗ്ഗത്തിൽ ആണ്. (യോഹ. 14:1-3; അപ്പൊ. 1:8-11). യേശു വീണ്ടെടുപ്പുകാരനും രക്ഷകനും ആണ്. എന്നാൽ അവൻ ന്യായാധിപതിയും ആണ്. ആരാണ് രക്ഷിക്കപ്പെടുന്നതെന്നും ആരാണ് നഷ്ടപ്പെടുന്നതെന്നും കർത്താവു തീരുമാനിക്കും.

അതുകൊണ്ടു ദൈവം നീതിയോടെ ന്യായം വിധിക്കുന്നു എന്നു നാം മനസ്സിലാക്കുന്നു. നമ്മുടെ സകല പാപങ്ങളും യേശുവിനോടു ഏറ്റു പറയുക എന്നുള്ളതാണ് ന്യായവിധിയിൽ നിന്നും രക്ഷ പ്രാപിക്കാനുള്ള ഏകമാർഗ്ഗം.

യേശുവിന്റെ മഹാപൗരോഹിത്യ ശുശ്രൂഷ എപ്പോൾ അവസാനിക്കുമെന്നോ ന്യായവിധിയുടെ നടപടിക്രമം എപ്പോൾ തീരുമെന്നോ നമുക്കു അറിയുകയില്ല. ഈ ജീവിതം എപ്പോൾ അവസാനിക്കും എന്നു നാം അറിയുന്നില്ല. അതുകൊണ്ടു നഷ്ടമാക്കാൻ നമുക്കു സമയമില്ല. ഇപ്പോൾ കൃപയുടെ കാലമാണ്. നിങ്ങളെത്തന്നെ താഴ്ത്തി നിങ്ങളുടെ പാപങ്ങൾ യേശുവിന്റെ പാദപീഠത്തിൽ സമർപ്പിക്കുന്നതിനായി ഇപ്പോൾ ദൈവം നിങ്ങളെ ക്ഷണിക്കുന്നു.

“എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല.” (യോഹ. 6:37)

യേശു ഇപ്രകാരം ആണ്. ഏതു സമയത്തും നിങ്ങൾക്ക് അവന്റെ അടുക്കൽ വരാൻ കഴിയും. അവൻ നിങ്ങളെ സ്വീകരിക്കുകയും നിങ്ങൾക്ക് സമാധാനം നൽകുകയും ചെയ്യും. ലോകം തരുന്നതുപോലെയുള്ള സമാധാനമല്ല അവൻ നിങ്ങൾക്ക് നൽകുന്നത്. (യോഹ. 6:37). ദൈവത്തിന്റെ ഈ ക്ഷണം സ്വീകരിപ്പാൻ നിങ്ങൾക്കു ആഗ്രഹമുണ്ടോ? ഇത് നിങ്ങളെ ആശ്രയിച്ചിരിക്കുന്നു. ദൈവത്തിന്റെ നിർദ്ദേശത്തോടു “അതെ” എന്നു പറയുന്നവൻ ഒരിക്കലും ദുഃഖിക്കേണ്ടി വരികയില്ല എന്നു നിങ്ങൾ തീർച്ചയായും അറിഞ്ഞിരിക്കണം. ബൈബിളിലെ വാക്കുകൾ ഓർക്കുക:

“പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും” (യോഹ. 8:36) “ആത്മാവു ഉള്ളേടത്തു സ്വാതന്ത്ര്യം ഉണ്ട്.” (2 കൊരി. 3:17).



നാം സാത്താന്റെ അടിമകളായി പാപഭാരം വഹിച്ചു നടക്കുന്നവരാകരുത്. ദൈവത്തിന്റെ സഹായത്താൽ നിങ്ങൾ ക്രിസ്തുവിൽ സ്വതന്ത്രർ ആയിത്തീരണം. അപ്പോൾ നാം മരണത്തിൽ നിന്നും ജീവനിലേക്കു കടക്കുന്നതാണ്. നമുക്കു ഇപ്പോൾത്തന്നെ തീരുമാനം എടുക്കാം, കൃപയുടെ കാലം തീരാറായി. (ഇതിനെക്കുറിച്ചു കൂടുതൽ അറിയാൻ "വൻ വിവാദം" എന്ന പുസ്തകം വായിക്കുക.)

അത്യുച്ചത്തിൽ വിളിച്ചു പറയേണ്ട ഒന്നാം ദൂതിന്റെ അവസാന ഭാഗം ഇപ്രകാരം ആണ്:

**"ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ എന്നു അവൻ അത്യുച്ചത്തിൽ പറഞ്ഞു കൊണ്ടിരുന്നു."**

ദൈവം ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതെല്ലാം ആറു ദിവസം കൊണ്ടു സൃഷ്ടിച്ചു എന്നും ഏഴാം ദിവസം സ്വസ്ഥമായിരുന്നു എന്നും ബൈബിൾ നമ്മോടു പറയുന്നു. ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിക്കുകയും ശുദ്ധീകരിക്കുകയും ചെയ്തു (ഉൽപ. 2:1-3). ബൈബിളിലെ പുറപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന നാലാം കൽപനയിൽ സ്വസ്ഥതയ്ക്കായി ഒരു ദിവസം നൽകിയിരിക്കുന്നതായി കാണാൻ കഴിയും. (പുറ. 20:8-11). സൃഷ്ടിതാവിനെ നമസ്കരിക്കേണം എന്നു ഇവിടേയും പറഞ്ഞിരിക്കുന്നു. സ്വസ്ഥതയ്ക്കുള്ള ദിവസത്തെ ബൈബിൾ ശബ്ബത്ത് എന്നു വിളിക്കുന്നു, സൃഷ്ടിതാവിനെ ആരാധിക്കുന്നതിനും ബഹുമാനിക്കുന്നതിനും അറിയുന്നതിനും ആയി ദൈവം ഒരു പ്രത്യേക ദിവസത്തെ നിയമിച്ചിരിക്കുന്നു. ദൈവവചനം പഠിപ്പിക്കുന്നതിലൂടെയും സൃഷ്ടിപ്പിനെക്കുറിച്ചു അറിയിക്കുന്നതിലൂടെയും നാം ദൈവത്തെക്കുറിച്ചു ശരിയായ വിധത്തിൽ മനസ്സിലാക്കുന്നതാണ്. ഈ പ്രകൃതി നശിപ്പിക്കപ്പെട്ടാലും നമ്മുടെ ചുറ്റും ഉള്ള സൃഷ്ടിപ്പിന്റെ മനോഹാരിത നമുക്കു ദർശിക്കാൻ കഴിയും. ദൈവത്തിന്റെ സൃഷ്ടിപ്പിനെക്കുറിച്ചു നാം കൂടുതലായി അറിയുമ്പോൾ, സൃഷ്ടിതാവിനെക്കുറിച്ചു നാം കൂടുതലായി പ്രശംസിക്കുന്നതാണ്.

നമുക്കു മനം കവരുന്ന പ്രകൃതി ഭംഗി തീർച്ചയായും ആസ്വദിക്കാൻ കഴിയും. ഒരു പുഷ്പത്തെയോ പ്രാണിയേയോ ശ്വാനനെയോ മനുഷ്യനേയോ നോക്കിയാൽ, ദൈവം മനോഹരമായും യുക്തമായും സൃഷ്ടിച്ചിരിക്കുന്നതായി നമുക്കു കാണാൻ കഴിയും!





ദൈവം ഈ ഭൂമിയെ അത്ഭുതകരമായും മനോഹരമായും സൃഷ്ടിച്ചിരിക്കുന്നു. ഇനിയും നിങ്ങൾ സൃഷ്ടിതാവായ ദൈവത്തെ സംശയിക്കുകയാണെങ്കിൽ ഒരു ദിവസം മുഴുവനും നിങ്ങളുടെ കണ്ണുകളെ അടച്ചു ചുറ്റുപാടുമുള്ള ചലനങ്ങളെക്കുറിച്ചു നമ്മുടെ കാഴ്ച്ചശക്തിക്കു എന്തെല്ലാം പറയാൻ കഴിയും എന്നു ചിന്തിക്കുക. അതുപോലെ നാം നന്നായി പ്രവർത്തിക്കുന്നതിന് നമ്മുടെ കാലടികൾ വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടു അവസാനമായി പറയുവാൻ ഉള്ളത്, നമുക്കു ജീവൻ തന്ന ദൈവത്തിന് നന്ദി അർപ്പിക്കുക. ബൈബിൾ ഇതിനെക്കുറിച്ചു ഇപ്രകാരം പറയുന്നു:

"അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു. (കൊലോ. 1:17; യോഹ. 1:1–3,14; ഉൽപ. 1:26).

ദൈവം വിശുദ്ധമായി വേർതിരിച്ച ദിവസത്തിൽ എല്ലാവരും ദൈവത്തെ ആരാധിച്ചിരുന്നെങ്കിൽ ഇന്ന് ഒരു പരിണാമവാദിയോ നിരീശ്വരവാദിയോ കാണുകയില്ലായിരുന്നു! ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവർക്കു വേണ്ടി ദൈവത്തിന്റെ പക്കൽ അനവധി അനുഗ്രഹങ്ങൾ ഉണ്ട്.

ചിലർ ദൈവത്തിന്റെ സൃഷ്ടിപ്പിനെ സംശയിക്കുന്നത് വേദനാകരമായ കാര്യമാണ്. ജീവന്റെ ഉൽപത്തിയെക്കുറിച്ച് ചാൾസ് ഡാർവ്വിൻ അനേകം പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി ദൗർഭാഗ്യം എന്നു പറയട്ടെ, പരിണാമവാദം എന്ന മനുഷ്യ നിർമ്മിതമായ ഈ സിദ്ധാന്തത്തിന്റെ വഞ്ചനയിൽ അനേകം പേർ പെട്ടിരിക്കുകയാണ്, അതു മാത്രമല്ല, ഇത് സ്ഥിരം പാഠപുസ്തകമായി സ്കൂളിലും കോളേജുകളിലും പഠിപ്പിക്കുകയും ചെയ്യുന്നു.

## ...ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ...

ജീവന്റെ ഉൽപത്തിയെക്കുറിച്ചു വഴി തെറ്റിക്കുന്ന മനുഷ്യന്റെ സിദ്ധാന്തങ്ങളെ നാം ആദരിക്കരുത്, എന്നാൽ ആറായിരം വർഷങ്ങൾക്കുമപ്പുറം സകലത്തേയും സൃഷ്ടിച്ചു, ഏഴാം ദിനം സ്വസ്ഥത ആചരിച്ച ദൈവത്തെ നാം ആരാധിക്കുകയും ബഹുമാനിക്കുകയും വേണം.

# രണ്ടാം ദൂതന്റെ ദൂത്

**"രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു: വീണുപോയി. തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി." വെളി. 14:8**

## വീണുപോയി, മഹതിയാം ബാബിലോൺ വീണുപോയി.

വീണുപോയ മഹതിയാം ബാബിലോൺ അഥവാ വേശ്യ ആരാണ്? വെളി. 17-ാം അദ്ധ്യായത്തിൽ വേശ്യ ആരാണെന്ന് വിവരിച്ചിട്ടുണ്ട്. അവളുടെ ലക്ഷണങ്ങളെ വിശദീകരിച്ചിട്ടുള്ളതു കൊണ്ടു അവളെ തിരിച്ചറിയാൻ എളുപ്പമാണ്. ആദ്യമായി നിങ്ങൾ ഇതിനെക്കുറിച്ചു കേൾക്കുകയും സംസാരിക്കുകയും ചെയ്യുമ്പോൾ വളരെ മൂർച്ചയേറിയ വാക്കുകളായി തോന്നും. പക്ഷെ എല്ലാം സമാനമായ കാര്യങ്ങൾ ആണ്. ബൈബിളിൽ പറയുന്ന എല്ലാ ലക്ഷണങ്ങളും കത്തോലിക്കാ സഭയ്ക്ക് യോജിക്കുന്നതാണ്. തീർച്ചയായും ചില ആത്മാർത്ഥതയുള്ള വിശ്വാസി കൾ ആ സഭകളിൽ ഉണ്ട്. അവരെ കൊണ്ടുവരാനുള്ള ഉദ്യമമല്ല ഇത്. എന്നാൽ ഈ പ്രസ്ഥാനം ദൈവ വചനത്തിനു വിരുദ്ധമായി സ്ഥാപിച്ചിരിക്കുന്ന ചില ദുരുപദേശങ്ങളെക്കുറിച്ചും തെറ്റായ ആചാരങ്ങളെക്കുറിച്ചും മുന്നറിയിപ്പ് നൽകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ മുന്നറിയിപ്പിനുള്ള പശ്ചാത്തലം ഒരുക്കുന്നത് ദൈവ വചനത്തിന്റെ വെളിച്ചത്തിലാണ്. അവരുടെ ചില ഉപദേശങ്ങൾക്ക് ബൈബിൾ തത്വങ്ങളുമായി യാതൊരു ബന്ധവുമില്ല. അതു പോലെ ബൈബിൾ പ്രവചനത്തിലെ വേശ്യയെക്കുറിച്ചു പറയുന്ന അടയാളങ്ങളും ലക്ഷണങ്ങളും ഈ ശക്തിക്കു യോജിക്കുന്നുണ്ട്. (വെളി. 17:5)

ഒരടയാളം:

"മർമ്മം: മഹതിയാം ബാബിലോൺ; വേശ്യമാരുടേയും മ്ലേച്ഛതകളുടേയും മാതാവു എന്നൊരു പേർ അവളുടെ നെറ്റിയിൽ എഴുതീട്ടുണ്ട്."
(വെളി. 17:5).

കത്തോലിക്കാ സഭ അതിനെ മാതൃസഭയായി അംഗീകരിക്കുന്നു. ലോകമെമ്പാടുമുള്ള രൂപതകളിലെ ബിഷോപ്പുമാർക്ക് കർദ്ദിനാൾ ജോസഫ് ററ്റ്സിംഗർ ഇപ്രകാരമാണ് എഴുതുന്നത്: "നാം എപ്പോഴും വ്യക്തമായി ഓർത്തിരിക്കേണ്ട കാര്യം പരിശുദ്ധ അപ്പൊസ്തൊലിക അഖിലലോക സഭ ഒരു സഹോദരീ സഭയല്ല, എല്ലാ സഭകളുടേയും മാതാവാണ്!"(Daily Telegraph; 4th september 2000); കത്തോലിക്ക സഭ വെളിപ്പാട് 17:5-ന്റെ നിവൃത്തിയാണെന്നുള്ളതിന്റെ മതിയായ തെളിവുകൾ ആണ് ഈ പ്രസ്താവനകൾ. ഭീകരമായ ഒരു ലോകമത സംഘടനയെക്കുറിച്ചുള്ള വിവരണം രണ്ടാം ദൂതന്റെ ദൂതിൽ നമുക്കു കാണാൻ കഴിയും.

"വേശ്യ" അഥവാ, "മഹതിയാം ബാബിലോൺ'' എന്ന വിശേഷണം ബൈബിളിനു വിരുദ്ധമായ അവളുടെ ദുരുപദേശങ്ങൾ അഥവാ ക്രോധമദ്യത്താൽ ലോകത്തെ വശീകരിക്കുന്നതിനെ കുറിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടുകളിൽ കത്തോലിക്കാ സഭ ചെയ്ത ഏറ്റവും വലിയ തെറ്റ് ദൈവത്തിന്റെ പത്തു കൽപനകളെ ഭേദഗതി ചെയ്തതാണ്. പത്തു കല്പന പുറ. 20:3-17 വരെ നമുക്കു കാണാൻ കഴിയും നിർഭാഗ്യവശാൽ ലൂതറൻ സഭ അവരുടെ പ്രശ്നോത്തര പാഠത്തിൽ ബൈബിളിൽ ഇല്ലാത്ത കത്തോലിക്കാ സഭയുടെ കൽപനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് അനുസരിക്കാൻ ജനങ്ങളോടു നിർദ്ദേശിക്കുകയും ചെയ്യുന്നു. (ദൈവത്തിന്റെ മുദ്രയും മൃഗത്തിന്റെ മുദ്രയും എന്ന ശീർഷകത്തിലുള്ള പഠനത്തിൽ ഇതിനെക്കുറിച്ചു നാം പരിശോധിക്കുന്നതാണ്.)

## മത്തു പിടിപ്പിക്കുന്ന ബാബിലോണിന്റെ ക്രോധമദ്യം

കത്തോലിക്കാ സഭ അഥവാ വേശ്യാ സ്ത്രീ (വെളി. 17:5) വേദപുസ്തകത്തിനു വിരുദ്ധമായി പല ദുരുപദേശങ്ങളും പഠിപ്പിക്കുന്നുണ്ട്. കന്യക മറിയത്തെ ആരാധിക്കുന്നതും ആത്മാവിന്റെ അമർത്യത എന്ന ദുരുപദേശവും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ആത്മാവിന്റെ അമർത്ഥ്യത ന്യൂ ഏജ് മൂവ്മന്റിലും പ്രേതാത്മ വാദത്തിലും നമുക്കു കാണാൻ കഴിയും.

പ്രേതാത്മവാദസിദ്ധാന്തം ഇന്ന് മിക്ക സഭകളും അംഗീകരിക്കുന്നു. നിങ്ങളെ തെറ്റിക്കുക എന്ന ലക്ഷ്യത്തോടു കൂടി പ്രേതാത്മവാദ പ്രതിഭാസം നിങ്ങളെ നയിക്കുന്നത് അശുദ്ധാത്മാക്കളിലേക്കും തിന്മയുടെ ശക്തികൾ പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങളിലേയ്ക്കും ആണ്. ഈ അന്ത്യകാലത്ത് അശുദ്ധാത്മാക്കളുടെ സ്വാധീനശക്തി വ്യത്യസ്ത സഭകളിൽ നമുക്കു പ്രകടമായി കാണാവുന്നതാണ് (ആവർത്ത. 18:10-12; 2 തെസ്സ. 2:9).

## തിരുവത്താഴം

പുരോഹിതൻ അപ്പവും വീഞ്ഞും കൈകളിൽ എടുത്തു

### ദൈവത്തിന്റെ പത്തു കൽപനകൾ
(ആവർത്തനം 20:3-17)

1. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.
2. ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും തഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു. എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാ രുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ച് എന്റെ കൽപനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറ വരെ ദയകാണിക്കയും ചെയ്യുന്നു.
3. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല.
4. ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ച് നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു. അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതിലിനകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറു ദിവസം കൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ട് യഹോവ ശബ്ബത്തു നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു.
5. നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക.
6. കൊല ചെയ്യരുത്.
7. വ്യഭിചാരം ചെയ്യരുത്.
8. മോഷ്ടിക്കരുത്.
9. കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്.
10. കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്; കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും അവന്റെ കാളയെയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്.



അനുഗ്രഹിക്കുമ്പോൾ അത് ക്രിസ്തുവിന്റെ ശരീരവും രക്തവും ആയി മാറുന്നു എന്നു കത്തോലിക്കാ സഭ പഠിപ്പിക്കുന്നു, അതുപോലെ ഓരോ സമയവും അവർ അപ്പം ഭക്ഷിക്കുകയും വീഞ്ഞു കുടിക്കുകയും ചെയ്യുമ്പോൾ ഒക്കെയും യേശു യാഗമായിത്തീരുന്നു. അതുകൊണ്ടു ഇതിനെ ദിവ്യബലി എന്നവർ വിളിക്കുന്നു.

കത്തോലിക്കാ സഭ കൊണ്ടുവന്ന തെറ്റായ ആചാരങ്ങളിൽ ഒന്നാണിത്. എന്നാൽ യേശു ഒരിക്കലായി യാഗമായിത്തീർന്നെന്നും നമ്മെ രക്ഷിക്കുന്നതിനു വേണ്ടി കർത്താവു നിവർത്തിച്ചതിന്റെ ഓർമ്മക്കായിട്ടാണ് തിരുവത്താഴം ആചരിക്കേണ്ടത് എന്നും ബൈബിൾ പ്രസ്താവിക്കുന്നു (എബ്രാ. 9:24-28; 1 കൊരി. 11:23-26).

വിശ്വാസത്യാഗം സംഭവിച്ച പ്രോട്ടസ്റ്റന്റു സമൂഹം ആസന്ന ഭാവിയിൽ കത്തോലിക്കാ സഭയുടെ ദിവ്യബലി ആചാരം സ്വീകരിക്കും എന്നുള്ളതിന് സൂചനകൾ ഉണ്ട്.

## കൂട്ടായ പ്രഖ്യാപനങ്ങൾ

മറ്റു സഭകളിൽ സാവകാശം കടന്നു കൂടിയ ഭോഷ്കിനെ (മത്തു പിടിപ്പിക്കുന്ന വീഞ്ഞു) കുറിച്ചു നാം ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ട്. ലോക ലൂതറൻസഭാ ഫെഡറേഷനും കത്തോലിക്കാ സഭയും ചേർന്നു 1999 ഒക്ടോബർ 31-നു നീതീകരണം എന്ന ഉപദേശത്തെക്കുറിച്ചു ഒരു കൂട്ടായ പ്രഖ്യാപനം ഒപ്പു വയ്ക്കപ്പെടുകയുണ്ടായി. സഭാ കൗൺസിലുകളിലൂടെ തെരഞ്ഞെടുക്കപ്പെട്ട സഭയുടെ പ്രമാണിവർഗ്ഗവും അധികാര നേതൃത്വവും കൂട്ടായി ശ്രമിച്ചതിന്റെ ഫലമായിട്ടാണ് ഇപ്രകാരം ഒരു പ്രഖ്യാപനം വന്നത്. അതുകൊണ്ട് ഈ ഉടമ്പടിയുടെ വിശദാംശങ്ങളെക്കുറിച്ചു ലൂതറൻ സഭയുടെ സാധാരണ ജനങ്ങൾ അറിഞ്ഞിരുന്നില്ല. ജനം ഒരേ സമയം പാപികളും നീതിമാന്മാരും

**മനുഷ്യന്റെ പത്തു കൽപനകൾ**
(ലൂദറൻ സഭയുടെ പ്രശ്നോത്തര പാഠത്തിൽ നിന്നും)

1. ഞാൻ നിന്റെ ദൈവമായ കർത്താവാകുന്നു, ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.
2. നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ എടുക്കരുത്.
3. സ്വസ്ഥതയ്ക്കുള്ള ദിവസം വിശുദ്ധമായി ആചരിക്കണം.
4. നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക.
5. കുല ചെയ്യരുത്.
6. വ്യഭിചാരം ചെയ്യരുത്.
7. മോഷ്ടിക്കരുത്.
8. അയൽക്കാരന്റെ നേരെ കള്ള സാക്ഷ്യം പറയരുത്.
9. അയൽക്കാരന്റെ ഭാര്യയെ മോഹിക്കരുത്.
10. അയൽകാരനുള്ള യാതൊന്നും മോഹിക്കരുത്.

**JOINT DECLERATION**
**ON THE**
**DOCTRINE OF JUSTIFICATION**

Lutheran World Federation
and
The Catholic Church

OFFICIAL COMMON STATEMENT The Catholic Church and World Lutheran Federation.........

ആണെന്ന് ഈ കൂട്ടായ പ്രഖ്യാപനം പറയുന്നു. എന്നാൽ നാം യേശുവിന്റെ നീതിയെ അംഗീകരിക്കുന്നതു മുതൽ നാം പാപികൾ അല്ല നീതിമാന്മാരാണെന്ന് ബൈബിൾ പ്രസ്താവിക്കുന്നു. (1 യോഹ. 1:9).

ഇതുകൂടാതെ നാം എപ്പോഴും പാപികൾ ആണെങ്കിൽ ആരും രക്ഷിക്കപ്പെടുകയില്ല. അശുദ്ധമായതു ഒന്നും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു ബൈബിൾ പ്രസ്താവിക്കുന്നു; അതു മാത്രമല്ല യേശു ഈ ലോകത്തിലേക്കു വന്നതു മനുഷ്യനെ പാപത്തിൽ രക്ഷിക്കാനല്ല, പാപത്തിൽ നിന്നും രക്ഷിക്കാനാണ്. (വെളി. 21:27, മത്താ. 1:21).

## അനുഷ്ഠാനത്താൽ നീതീകരണം

വചനത്തിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും ദൈവം പാപങ്ങൾ ക്ഷമിക്കുന്നതു കൊണ്ടു വിശ്വാസികൾ പൂർണ്ണമായും നീതിമാന്മാരാണെന്ന് ഈ കൂട്ടായ പ്രഖ്യാപനം പ്രസ്താവിക്കുന്നു. പ്രവൃത്തിയാൽ (അനുഷ്ഠാനങ്ങൾ) നമുക്കു നീതീകരണവും പാപക്ഷമയും ലഭിക്കുകയില്ല. പ്രവൃത്തിയാൽ രക്ഷ പ്രാപിക്കും എന്നുള്ള ഉപദേശം കത്തോലിക്കാ സഭയുടെ ഉപദേശമാണ്. 16-ാം നൂറ്റാണ്ടിൽ ട്രെന്റു കൗൺസിലിലാണ് ഇങ്ങനെ ഒരു ഉപദേശം ഉടലെടുത്തത്. (ഈ പ്രധാനപ്പെട്ട വിഷയത്തിൽ എന്തിനാണ് ലൂതറൻ സഭ റോമിലേയ്ക്ക് മടങ്ങിപ്പോയത്) കൂദാശകളുടെ ഭാഗമായ ശിശുസ്നാനവും ദിവ്യബലിയും സാദൃശ്യ കർമ്മങ്ങൾ ആണ്. നീതീകരിക്കുന്നതിനും രക്ഷിക്കുന്നതിനും വേണ്ടി നമുക്കും ക്രിസ്തുവിനും ഇടയിൽ യാതൊന്നും കടന്നു വരാൻ പാടില്ല. നമ്മുടെ പാപം പോക്കി നമ്മെ നീതീകരിക്കുന്നതിനു വേണ്ടി നാം നേരിട്ടു യേശുവിന്റെ അടുക്കൽ പോകണം.



## ശിശുസ്നാനം

കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതിലൂടെ മനുഷ്യൻ സ്നാനത്താൽ നീതീകരിക്കപ്പെടും എന്നു കൂട്ടായ പ്രഖ്യാപനത്തിൽ പറയുന്നു. ശിശുസ്നാനം കത്തോലിക്കാ സഭയിലേക്കും ലൂതറൻ സഭയിലേക്കും ഉള്ള പ്രവേശന ടിക്കറ്റാണെന്ന് നമുക്കറിയാം. എന്നാൽ ഒരു ശിശുവിനു യാതൊന്നും വിശ്വസിക്കാൻ കഴിയുകയില്ല. നിങ്ങളുടെ പേരിൽ മറ്റുള്ളവർ വിശ്വസിക്കണം എന്നു പറയുന്നതു ശരിയല്ല. ദൈവവചനം കേൾക്കുന്നതിലൂടെയാണ് വിശ്വാസം ഉണ്ടാകുന്നത് എന്നു ബൈബിൾ പറയുന്നു. വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുന്നതാണ്. (റോമ. 10:17; മർക്കൊ. 16:16). മനുഷ്യന്റെ മനഃസാക്ഷിയിൽ ദൈവവുമായി ചേർന്ന് എടുക്കുന്ന ഒരു നല്ല ഉടമ്പടിയാണ് സ്നാനം (1 പത്രൊ. 3:21). എന്നാൽ ഇത്തരത്തിലുള്ള ഒരു



ഉടമ്പടിയെക്കുറിച്ചു മനസ്സിലാക്കാൻ ഒരു ശിശുവിനു കഴികയില്ല. ഏവരും ആദ്യം സുവിശേഷം കേൾക്കുക, അതിനു ശേഷം മതി ദൈവവുമായി മനഃസാക്ഷിയിൽ ഒരു ഉടമ്പടി എടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത്. വേദപുസ്തക സ്നാനം എന്നുള്ളത് ഒരുവന്റെ പാപസ്വഭാവങ്ങളെ സാദൃശ്യമായി വെള്ളത്തിൽ കുഴിച്ചിടുകയും യേശുവിനോടു ചേർന്ന് ഒരു പുതിയ ജീവിതം നയിക്കുന്നതിന് വേണ്ടി ഒരു പുതിയ ശരീരമായി ഉയിർത്തെഴുന്നേൽക്കുന്നതിനെയും കുറിക്കുന്നു. (റോമർ. 6:3-6)

## ചാർട്ടാ എക്യൂമിനിക്കാ

കൂട്ടായ പ്രഖ്യാപനങ്ങൾ യഹോവയുടെ അരുളപ്പാടല്ല, ആശയക്കുഴപ്പത്തിന്റെ ഒരു രേഖയാണ്. ഈ അടുത്ത കാലത്ത് ലൂതറൻ സഭയുടെ യൂറോപ്യൻ കോൺഫറൻസും കത്തോലിക്കാ സഭയുടെ യൂറോപ്പിലെ സംഘടനയായ കാത്തലിക് ബിഷപ്പ് കോൺഫറൻസും ചേർന്ന് ഒരു പുതിയ ഉടമ്പടി ഒപ്പു വയ്ക്കപ്പെടുകയുണ്ടായി, അതിന്റെ പേരാണ് ചാർട്ടാ എക്യുമിനിക്കാ. 1995-ൽ ജസ്യൂട്ടുകളും കത്തോലിക്കാ സഭയും ചേർന്ന് കൊണ്ടുവന്ന പദ്ധതികൾക്ക് സമാനമായിരുന്നു ഈ രേഖ. (1995 ലെ ജസ്യൂട്ടുകളുടെ ജനറൽ അസംബ്ലിയിൽ നിന്നും) സഭകളുടെ ഒരു പൂർണ്ണമായ ഐക്യതയെ സഹായിക്കുന്ന തരത്തിലുള്ളതായിരുന്നു ജസ്യൂട്ടുകളുടെ ജനറൽ അസംബ്ലി തീരുമാനങ്ങൾ എന്ന് അവരുടെ നടപടി കുറിപ്പുകൾ പരിശോധിച്ചാൽ കാണാൻ കഴിയും. സഭകളുടെ ഐക്യത കത്തോലിക്കാ സഭയുടെ കുടക്കീഴിൽ ആണ് നടന്നത് എന്നു സൂചിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നില്ല. ഇതേ പദ്ധതി തന്നെയാണ് ചാർട്ടാ എക്യുമിനിക്കാ മുഖാന്തരം ആവർത്തിച്ചത്. സഭകളുടെ പൂർണ്ണ ഐക്യത കൈവരുന്നതു വരെ അഭിപ്രായ വ്യത്യാസങ്ങൾ ഉപേക്ഷിച്ചു എല്ലാ കാര്യങ്ങളിലും ഒരുമിച്ചു പ്രവർത്തിക്കുക എന്നുള്ളതായിരുന്നു അവരുടെ ലക്ഷ്യം. ഇത് സാക്ഷാൽകരിക്കുന്നതിന് വേണ്ടി മറ്റുള്ള സഭകളുമായി കൂടിആലോചിക്കുകയും അവരുടെ വിശ്വാസപ്രമാണങ്ങൾ അറിയിക്കുകയും ചെയ്യണമായിരുന്നു. അതിനുശേഷം പൊതുവായുള്ള കാര്യങ്ങളിൽ യോജിക്കുകയും അഭിപ്രായ വ്യത്യാസങ്ങൾ ഉള്ള കാര്യങ്ങൾ ഒഴിവാക്കുകയും വേണമെന്നു നിർദ്ദേശിച്ചു. എന്നാൽ ഒരു യഥാർത്ഥ ക്രിസ്തീയ അനുഗാമി ചോദ്യം ചെയ്യപ്പെടുന്ന സത്യങ്ങൾ പ്രാർത്ഥനയിൽ സമർപ്പിച്ചു ദൈവ

**CHARTA OECUMENICA**

**FOR THE CO-OPERATION OF CHURCHES IN EUROPE**

Geneva / St.Gallen, July 1999

ഇഷ്ടം വെളിപ്പെടുന്നതിനും ദൈവ സഹായത്തിനും വേണ്ടി പ്രാർത്ഥിക്കണമായിരുന്നു.

എക്യുമിനിക്കൽ പഠനത്തിനും ക്രിസ്തീയ വിദ്യാഭ്യാസത്തിനും വേദശാസ്ത്ര പരിശീലനത്തിനും വേണ്ടി ചാർട്ടാ എക്യുമിനിക്കാ പ്രവർത്തിക്കുന്നു. വിപുലമായ കത്തോലിക്കാ എക്യുമിനിക്കൽ സ്വാധീനത്തിൽ നിന്നും നമ്മുടെ യുവാക്കളെ നമുക്കു എങ്ങനെ രക്ഷിക്കാൻ കഴിയും? എക്യുമിനിക്കലിന്റെ ബാനറിൽ ക്രിസ്തീയ സമൂഹങ്ങളെ ഒന്നിപ്പിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കാനും ചാർട്ടാ എക്യുമിനിക്കാ പ്ലാൻ ചെയ്തു. ഒരുമിച്ചു പ്രാർത്ഥിക്കുന്നത് എക്യുമിനിസത്തിന്റെ ഹൃദയമാണെന്ന് അവർ പഠിപ്പിച്ചു. ദൈവത്തോടു പ്രാർത്ഥിക്കേണ്ടത് പ്രധാന കാര്യമാണ്, പക്ഷെ പ്രാർത്ഥനാവശ്യങ്ങളിൽ പങ്കെടുക്കുന്നവർക്ക് ചില പ്രത്യേക ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം എന്നു നാം മനസ്സിലാക്കുന്നു.

യൂറോപ്പിൽ ഒരു പൊതുവായ സുവിശേഷീകരണം ചാർട്ടാ എക്യുമിനിക്കാ പ്രോത്സാഹിപ്പിച്ചിരിക്കുന്നു. മറ്റു സഭകളിൽ നിന്നും വിശ്വാസികളെ മോഷ്ടിക്കുക ഈ സുവിശേഷീകരണത്തിന്റെ ഭാഗമല്ലന്ന് അവർ പഠിപ്പിച്ചു. ഈ പദ്ധതികൾ പിൻതുടർന്നാൽ സൗജന്യമായി സുവിശേഷം അറിയിക്കുന്നതും ബാബിലോണിൽ നിന്നും ജനത്തെ വിളിക്കുന്നതും നിന്നുപോകുമായിരുന്നു. ഇതിനെതിരെ നാം ശക്തമായ മുന്നറിയിപ്പുകൾ നൽകണം! ചാർട്ടാ എക്യുമിനിക്കാ പ്രകാരം മത സ്വാതന്ത്ര്യം അപകടത്തിൽ ആണ്!

വിശ്വസിക്കാൻ കഴിയാത്ത വിധം വളരെ വിഷമകരമായ സമയമാണ് വരാൻ പോകുന്നത്! ക്രിസ്തീയ സമൂഹത്തിലെ വലിയ ശക്തികേന്ദ്രങ്ങളെ അവർ അനുകൂലിക്കുന്നു. സഭകളും മതഭേദങ്ങളും തമ്മിൽ തിരിച്ചറിയുന്നതു പ്രധാനപ്പെട്ട കാര്യമാണെന്ന് അവർ പറയുന്നു. കത്തോലിക്കാ രീതിയിലുള്ളതും എക്യുമിനിസം പ്രചരിപ്പിച്ചിരുന്നതുമായ വലിയ ശക്തി കേന്ദ്രങ്ങളെ അല്ല അവർ "മതഭേദം" എന്ന് മുദ്ര കുത്തുന്നത്. എന്നാൽ ഇവർ മതഭേദം എന്നു വിളിച്ചതിനെ പൗലൊസ് അപ്പൊസ്തലൻ പിൻതുടർന്ന അഭിപ്രായത്തോടു നമുക്കു യോജിക്കാം (അപ്പൊ. 24:14).

## വേശ്യാവൃത്തിയുടെ പുത്രിമാർ

ലൂതറൻ സഭയെപ്പോലെ കത്തോലിക്കാ സഭയുമായി കൂടി ആലോചനകൾ നടത്തുകയും കൂട്ടായ പ്രഖ്യാപനങ്ങൾ ഒപ്പിടുകയും വ്യാജ ഉപദേശങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്ന ക്രിസ്തീയ സഭകളെ ആണ് വേശ്യാവൃത്തിയുടെ പുത്രിമാർ എന്നു വേദപുസ്തകം വിളിക്കുന്നത്.
(വെളി. 17:5).

ബാബേലിനെക്കുറിച്ചും ബാബേൽ ഗോപുരത്തെക്കുറിച്ചും നാം ആദ്യമായി വായിക്കുന്നത് ഉൽപത്തി 10, 11 അദ്ധ്യായങ്ങളിൽ ആണ്. അതായത് നിമ്രോദ് ആയിരുന്നു ഭരണാധികാരി, അദ്ദേഹത്തിന്റെ കാലത്തായിരുന്നു ബാബേൽ ഗോപുരം പണിതത്. യഥാർത്ഥത്തിൽ ബാബിലോൺ ദൈവത്തിന്റെ പരമാധികാരത്തോടു എതിർത്തു നിൽക്കുന്നതിനെ കുറിക്കുന്ന പേരാണ്. ദൈവത്തിനു മാത്രമുള്ള അധികാരത്തെ മനുഷ്യൻ എടുത്തു. ഇപ്രകാരം ബാബിലോൺ എല്ലാ തെറ്റായ മതങ്ങളുടേയും മാതാവായിത്തീർന്നു. പ്രവർത്തിയാ



ലുള്ള രക്ഷ ആണ് അവരുടെ മതം അനുശാസിക്കുന്നത്. നിരീശ്വരവാദം, അധികാര കേന്ദ്രീകരണം, ക്രമ രാഹിത്യം എന്നിവ മേധാവിത്വം പുലർത്തി. അതുകൊണ്ടു ബാബി ലോണിനെ നാം കലക്കത്തോടു താരതമ്യം ചെയ്യുന്നു. ബാബിലോൺ എന്ന വാക്കിന്റെ അർത്ഥം കലക്കം എന്നാണ്.

ക്രിസ്തുവിനു 600 വർഷം മുമ്പ് നിലനിന്നിരുന്ന ബാബിലോൺ പട്ടണത്തിന്റെ മുഖമുദ്ര വിശ്വാസ ത്യാഗവും കലക്കവും ആയിരുന്നു. ഈ ലോകശക്തി ദൈവജനത്തെ ഉപദ്ര വിച്ചു, ആ കാലത്തെ ജനത്തെക്കുറിച്ചു ബൈബിൾ പ്രസ്താവിക്കുന്നുണ്ട്.

‘‘ബാബേലിന്റെ നടുവിൽ നിന്നു ഓടി ഓരോരുത്തൻ താന്താന്റെ പ്രാണനെ രക്ഷിച്ചുകൊൾവിൻ. നിങ്ങൾ അതിന്റെ അകൃത്യത്തിൽ നശിച്ചു പോകരുത്. ഇതു യഹോവ യുടെ പ്രതികാര കാലമല്ലോ; അതിന്റെ പ്രവൃത്തിക്കു തക്കവണ്ണം അവൻ അതിനോടു പകരം ചെയ്യും. ഞങ്ങൾ ബാബേലിന്നു ചികിത്സ ചെയ്തു എങ്കിലും സൗഖ്യം വന്നില്ല.”
യിരെ. 51:6, 9.

“വീണുപോയി, മഹതിയാം ബാബിലോൺ വീണുപോയി” (വെളി. 14:8) എന്ന വിശേഷണം ഒരു സാദൃശ്യമായി ഉപയോഗിച്ചിരിക്കുന്നു. ഒരിക്കൽ സത്യം അറിഞ്ഞിരുന്ന സഭകൾ വീണുപോയി എന്നാണ് ഈ വാക്യം പറയുന്നത്. ക്രിസ്തീയ സമൂഹത്തിൽ നടമാടിയിരുന്ന ആത്മീയ അഴിമതിയുടെ ഒരു ദൃഷ്ടാന്തമാണിത്. ദൈവം തന്റെ ആരോപണം ഉന്നയിക്കുകയും വിശ്വാ സത്യാഗം സംഭവിച്ച ക്രിസ്തീയ സമൂഹത്തോടുള്ള എതിർപ്പ് അറിയി ക്കുകയും ചെയ്യുന്നു. ഇതിന്റെ നല്ലൊരു ഉദാഹരണമാണ് ലൂതറൻ സഭ. ലൂദർ തന്റെ കാലത്ത് പാപ്പാത്വ ത്തിനെതിരെ ശക്തമായ ഒരു നവീ കരണ പ്രസ്ഥാനം നയിച്ചു, എന്നാൽ ഇന്ന് പല പ്രഖ്യാപന വിഷയങ്ങളിലും റോമാ സഭയുമായി സഖ്യം ഉണ്ടാക്കി യിരിക്കുകയാണ്. ഞങ്ങൾ ഇവിടെ ചില ഉദാഹരണങ്ങൾ മാത്രമാണ് നൽകിയിരിക്കുന്നത്, എന്നാൽ വിശ്വാ സത്യാഗം ലോകത്തിൽ എല്ലാടവും പരക്കെ വ്യാപിച്ചിരിക്കുന്നതായി നിങ്ങൾക്കു കാണാൻ കഴിയും.

അതുകൊണ്ടു ഈ ഭൂമിയിലെ ജനതയെ വശീകരിക്കുന്ന തെറ്റായ മതസംഘടനയുടെ ഒരു വിവരണമാണ് ബാബിലോണിലൂടെ നൽകുന്നത്. പുരാതന ബാബിലോണിന്റെ അതേ ലക്ഷണങ്ങൾ ഉള്ളതു കൊണ്ടു കത്തോലിക്കാ സഭ എന്ന മത സംഘടനയാണ് ഇന്നത്തെ ബാബിലോൺ.

ലൂദറൻ സഭ ക്രമേണ കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു ബാബിലോണിന്റെ ഭാഗമായിത്തീർന്നിരിക്കുകയാണ്. കത്തോലിക്കാ സഭയുടേയും ലൂദറൻ സഭയുടേയും ഇതേ വഴി പിൻതുടരുന്ന ഏവരുടേയും വീഴ്ച്ച ഭയങ്കരമായിരിക്കും എന്നു ബൈബിൾ മുന്നറിയിക്കുന്നു... ആസന്ന ഭാവിയിൽ തന്നെ ഇത് നടക്കുന്നതാണ്.

ആത്മീയ അന്ധകാരവും ദൈവത്തിൽ നിന്നുള്ള പിന്മാറ്റവും ബാബിലോണിനെ പ്രതിനിധീകരിക്കുന്ന സഭകളുടെ ലക്ഷണമാണെങ്കിലും ക്രിസ്തുവിനെ അനുഗമിച്ചിരുന്ന സത്യസന്ധരായ ഒരു വലിയ കൂട്ടം ജനം ഈ സഭകളിലുണ്ട്. ധാരാളം പേർ ഇപ്പോഴും ഈ കാലത്തേയ്ക്കുള്ള ദൂത് കണ്ടെത്തുന്നതിന് തങ്ങളുടെ കണ്ണുകൾ ഇതുവരേയും തുറന്നിട്ടില്ല. എന്നാൽ കുറച്ചുപേർ അസംതൃപ്തരാണ്. കൂടുതൽ വെളിച്ചത്തിനു വേണ്ടി അവർ കാത്തിരിക്കുന്നു. അവർ സംബന്ധിക്കുന്ന സഭകളിൽ നിന്നു കൊണ്ടു കർത്താവിന്റെ രൂപം കാണാൻ വ്യർത്ഥമായി ശ്രമിക്കുന്നു. ഈ സഭകൾ ജനത്തെ സത്യം മനസ്സിലാക്കുന്നതിൽ നിന്ന് ക്രമേണ പിൻതിരിപ്പിക്കുകയും ലോകത്തോടു അധികമധികമായി അടുപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ഈ വിഭാഗങ്ങൾ തമ്മിലുള്ള അകലം വർദ്ധിക്കുന്നതാണ്. അവസാനം ഈ സഭകളിൽ ഒരു വലിയ പൊട്ടിത്തെറി ഉണ്ടാകുന്നതാണ്. ദൈവത്തെ മറ്റു എന്തിനെക്കാളും ഉപരിയായി സ്നേഹിക്കുന്നവർക്കു ഈ സഭകളുമായി ഒത്തു പോകുവാൻ കഴിയാത്ത ഒരു കാലം വരുന്നതാണ്.

"ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2 തിമ. 3:5)

ഈ അന്ത്യകാലത്ത് നമ്മോടുള്ള ദൈവത്തിന്റെ ആലോചന വളരെ വ്യക്തമാണ്:

**"എന്റെ ജനമായുള്ളോരേ, അവളെ വിട്ടുപോരുവിൻ" (വെളി. 18:1-4).**

## ക്രിസ്തുവിലുള്ള ഐക്യത

എക്യുമിനിക്കൽ പ്രസ്ഥാനം വലിയ പ്രശ്നങ്ങളില്ലാത്ത വിഷയങ്ങളിൽ ഒത്തുതീർപ്പു ഉണ്ടാക്കുന്നതിനു വേണ്ടി വിട്ടുവീഴ്ചയും ഭൂരിപക്ഷ അധികാരവും ഉപയോഗിക്കുകയും തർക്കം ഉള്ള സത്യങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. നമുക്ക് വഴി കാണിച്ചു തരുന്നത് ദൈവമാണെന്നു ബൈബിൾ പ്രസ്താവിക്കുന്നു. യഥാർത്ഥ ഐക്യത ദൈവവചനത്തിന്റെ വെളിച്ചത്തിൽ മാത്രമാണ്.

ഐക്യതയ്ക്കു വേണ്ടി ബൈബിൾ നില കൊള്ളുന്നു. വേദപുസ്തകാടിസ്ഥാനത്തിൽ മാത്രമായിരിക്കണം ഈ ഐക്യത സ്ഥാപിക്കപ്പെടേണ്ടത്. തീർച്ചയായും ക്രിസ്തുവിലൂടെ ഐക്യത ഉണ്ടാകണം.

യേശു ഇതിനെക്കുറിച്ചു ഇപ്രകാരം പ്രസ്താവിക്കുന്നു:

"നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യതയിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നേ." (യോഹ. 17:21, 23).

ദൈവജനം ക്രിസ്തുവിനോടു കൂടെ നിന്നാൽ മാത്രമേ ഐക്യത ഉണ്ടാവുകയുള്ളു. എല്ലായ്പ്പോഴും കർത്താവിന്റെ അരുളപ്പാടു പിൻതുടരുന്നതിലൂടെ മാത്രമേ ഐക്യത ഉണ്ടാവുകയുള്ളു. വിട്ടുവീഴ്ചയിലൂടെയും ഭൂരിപക്ഷ ഭരണത്തിലൂടെയും ഐക്യത സാദ്ധ്യമല്ല.

## ബാബിലോണിനെ വിട്ടു പോരുക

ലോകത്തിന്റെ അവസാന നാളുകളെക്കുറിച്ചു ബൈബിൾ ഇപ്രകാരം വിവരിക്കുന്നു:

"അവളുടെ വേശ്യാവൃത്തിയുടെ ക്രോധ മദ്യം സകലജാതികളും കുടിച്ചു. ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗമം ചെയ്യുകയും ഭൂമിയിലെ വ്യാപാരികൾ അവളുടെ പുളെപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകയും ചെയ്തു" വെളി. 18:3.

ഇത് ആപൽകരമായ ഒരു സന്ദർഭമാണ്, പക്ഷെ ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നതാണ്. ദൈവത്തിന് ഒരു ജനം ഇപ്പോഴും ബാബിലോണിൽ ഉണ്ട്. എന്നാൽ അവസാന കാലത്തിൽ അവർക്ക് ശക്തമായ ഒരു വെല്ലുവിളി ഉണ്ടാകുന്നതാണ്. ദൂതനെ പ്രതിനിധീകരിക്കുന്ന ആ പ്രസ്ഥാനം എഴുന്നേൽക്കും. ബാബിലോണിന്റെ പാപങ്ങൾ ശക്തമായ ഭാഷയിൽ അവർ വിളിച്ചറിയിക്കുന്നതാണ്. ഈ ദൂത് ഇതാണ്:

"എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ." (വെളി. 18:4).

ഒന്നാം ദൂതന്റെ ദൂതിനോടൊപ്പം അറിയിക്കുന്ന ഒരു പ്രഖ്യാപനം മനുഷ്യവർഗ്ഗത്തോടുള്ള അവസാനത്തെ മുന്നറിയിപ്പാണ്. നിങ്ങൾ ദൈവജനത്തിന്റെ ഭാഗമാണെന്ന് അംഗീകരിക്കുന്നെങ്കിൽ, ഈ മുന്നറിയിപ്പ് നിങ്ങൾ സ്വീകരിച്ചു എക്യുമിനിക്കലിന്റെ വശീകരണത്തിൽ നിന്നും വിട്ടുവരേണ്ടതാണ്.

യേശുക്രിസ്തുവിന്റെ വീണ്ടും വരവിനു തൊട്ടുമുമ്പ് കൃപയുടെ കാലം അവസാനിക്കുന്നതിനു മുമ്പ് ഇപ്പോൾ ലോകത്തോടു അറിയിക്കേണ്ട അവസാന ദൂതിനെക്കുറിച്ചു അടുത്തതായി നാം ചിന്തിക്കുന്നതാണ്.

# മൂന്നാം ദൂതന്റെ ദൂത്

"മൂന്നാമത് വേറൊരു ദൂതൻ അവരുടെ പിന്നാലെ വന്നു അത്യുച്ചത്തിൽ പറഞ്ഞത്: മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏൽക്കുന്നവൻ ദൈവ കോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധ മദ്യം കുടിക്കേണ്ടിവരും. വിശുദ്ധ ദൂതന്മാരും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിൽ പുക എന്നെന്നേയ്ക്കും പൊങ്ങും. മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏൽക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല. ദൈവ കൽപനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണത കൊണ്ടു ഇവിടെ ആവശ്യം." (വെളി. 14:9-12)

## ദൈവത്തിന്റെ അടയാളമോ മൃഗത്തിന്റെ മുദ്രയോ

"ദൈവത്തിന്റെ അടയാളമോ മൃഗത്തിന്റെ മുദ്രയോ" - ഇതിൽ ഏതാണ് ഈ അന്ത്യകാലത്ത് നാം തിരഞ്ഞെടുക്കാൻ പോകുന്നത്. ദൈവത്തെ അനുസരിക്കണമോ അതോ മനുഷ്യനെ അനുസരിക്കണമോ? വിശുദ്ധ ദിവസത്തെ സംബന്ധിക്കുന്ന കൽപന ഒരു പരസ്യ അടയാളമായി ദൈവം നമുക്ക് തന്നിട്ടുണ്ട്. ഒരു മുദ്രയിൽ നിയമ ദാതാവിന്റെ പേരും അദ്ദേഹത്തിന്റെ സ്ഥാനപ്പേരും അധികാര പരിധിയും രേഖപ്പെടുത്തിയിട്ടുണ്ട്. സ്വസ്ഥതയ്ക്കുള്ള ദിവസത്തിന്റെ കൽപനയിൽ ഇപ്രകാരം പറയുന്നു:

"ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും നിന്റെ വേലക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതിൽക്കലുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറു ദിവസം കൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതുകൊണ്ട് യഹോവ ശബ്ബത്തു നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു." (പുറ. 20:8-11).

നിയമ ദാതാവിന്റെ പേര് "യഹോവ", സ്ഥാനപ്പേര് "സൃഷ്ടിതാവ്", അധികാര പരിധി "ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും" ആണെന്ന് ഈ വാക്യങ്ങൾ പ്രസ്താവിക്കുന്നു. കത്തോലിക്ക സഭ അവരുടെ ഉപദേശ സംബന്ധമായ പ്രശ്നോത്തര പാഠത്തിൽ ഈ കൽപനയുടെ വാക്യങ്ങൾ പൂർണ്ണമായും നീക്കിക്കളഞ്ഞു. ഇതിന്റെ അർത്ഥം ദൈവത്തെ നിയമ ദാതാവിന്റെ സ്ഥാനത്തു നിന്നും

നീക്കികളഞ്ഞു എന്നാണ്.

ഇതു ചെയ്തതിനു ശേഷം അവർ സ്വയം നിയമ ദാതാക്കളായി ദൈവത്തിന്റെ കൽപനയെ മാറ്റി മറ്റൊരു കൽപന നൽകിയിരിക്കുന്നതായി അവരുടെ ഉപദേശ സംബന്ധമായ പ്രശ്നോത്തര പാഠത്തിൽ നമുക്ക് കണ്ടെത്താൻ കഴിയും.

ഒരു ശക്തി എഴുന്നേറ്റ് തങ്ങളുടെ മതത്തിന്റെ ശക്തി ഉപയോഗിച്ചു സമയങ്ങളേയും നിയമങ്ങളേയും മാറ്റുവാൻ ശ്രമിക്കും എന്ന് ദാനിയേൽ പ്രവാചകൻ പ്രവചിക്കുകയുണ്ടായി. (ദാനി. 7:25). കത്തോലിക്ക സഭ ദൈവത്തിന്റെ കൽപന മാറ്റിയിരിക്കുന്നത് അവരുടെ പ്രശ്നോത്തര പാഠത്തിൽ (chatechism) നമുക്ക് കണ്ടെത്താൻ കഴിയുമെങ്കിലും ദൈവ കൽപന ഇന്നും പ്രാബല്യമുള്ളതാണെന്ന് യേശു പ്രസ്താവിക്കുന്നു:

"ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരേയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല, നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ടും ഞാൻ നിങ്ങളോടു പറയുന്നു; ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല" (മത്താ. 5:17, 18).

സ്വസ്ഥനാളിനെക്കുറിച്ചുള്ള വാക്യങ്ങൾ മാത്രമല്ല ഏഴാം ദിനം നാം ദൈവത്തെ ആരാധിക്കണം എന്നു ബൈബിൾ പ്രസ്താവിക്കുന്ന വാക്യങ്ങളും അവർ മാറ്റിക്കളഞ്ഞു. വേദപുസ്തക പ്രകാരം ആരാധനാ ദിവസം ആഴചവട്ടത്തിന്റെ ഒന്നാം ദിവസമായ ഞായറാഴ്ച്ച അല്ല.

നിർഭാഗ്യകരം എന്നു പറയട്ടെ, ലൂതറൻ സഭയും കത്തോലിക്ക സഭയുടെ കാലടികളെ പിന്തുടരുകയുണ്ടായി. ഈ ചെറിയ വാക്യമാണ് നിങ്ങൾക്ക് ലൂതറൻ സഭയുടെ കാറ്റക്കിസത്തിൽ കാണാൻ കഴിയുന്നത്. "സ്വസ്ഥതയ്ക്കുള്ള വിശുദ്ധ ദിവസം നിങ്ങൾ ആചരിക്കേണം" സ്വസ്ഥതയ്ക്കുള്ള ദിവസം ഏതാണെന്ന് ഇവിടെ പറയുന്നില്ല. അതുകൊണ്ട് ലൂതറൻ സഭ അനുസരിക്കുന്നത് ദൈവം ആരാധനയ്ക്ക് വേണ്ടി വേർതിരിച്ച ദിവസമല്ല മനുഷ്യൻ സ്ഥാപിച്ച ദിവസത്തെയാണ്.

നവീകരണകർത്താക്കളുടെ കാലത്തിന് 1000 വർഷം മുമ്പാണ് സ്വസ്ഥതയ്ക്കുള്ള വിശുദ്ധ ശബ്ബത്തിനെ ഞായറാഴ്ചയിലേയ്ക്ക് മാറ്റിയത്. ഈ ഭോഷ്കിനെക്കുറിച്ചു വളരെക്കുറച്ചു പേർ മാത്രമേ ഇന്നു മനസ്സിലാക്കുന്നുള്ളു. ബൈബിൾ പ്രകാരമുള്ള വിശുദ്ധ ദിവസം ഞായറഴ്ച ആണെന്ന് വിശ്വസിച്ചുകൊണ്ടാണ് ഇന്ന് പലരും ആ ദിവസം ആചരിക്കുന്നത്. വേദപുസ്തക വെളിച്ചത്തിൽ ദൈവവചനം വ്യക്തമായി പ്രസംഗിക്കാത്തതുകൊണ്ട് പുരോഹിതന്മാരും പാസ്റ്റർമാരും ജനത്തെ വഞ്ചിക്കുകയാണ്.

## ശബ്ബത്തു ദിവസം ഏതാണ്?

"എന്നാൽ വേദപുസ്തക

പ്രകാരം ഏഴാം ദിനം ഏതാണ്?" എന്ന് നിങ്ങൾ ചോദിക്കുമായിരിക്കും. യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവയോടുള്ള ബന്ധത്തിൽ യേശു മരിച്ച ദിവസം ശബ്ബത്തിനു മുമ്പുള്ള "ഒരുക്കനാൾ" ആണെന്ന് ബൈബിൾ പറയുന്നു. ഈ ദിവസത്തെ ദുഃഖ വെള്ളിയാഴ്ച എന്ന് നാം വിളിക്കുന്നു. യേശു കല്ലറയിൽ നിന്ന് ഉയർത്തെഴുന്നേറ്റത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസമായ നമ്മുടെ ഞായറാഴ്ച്ചയിലാണ്. ഈ രണ്ടു ദിവസത്തിനും ഇടയ്ക്കുള്ള ദിവസം ഏഴാം ദിനമായ ശനിയാഴ്ച്ച ആണ്. ശബ്ബത്തിന്റെ കർത്താവായ യേശു കല്ലറയിൽ വിശ്രമിച്ചു ഒരു പുതിയ പ്രവൃത്തിദിനത്തിൽ ഞായറാഴ്ച്ച ഉയർത്തെഴുന്നേറ്റു. അതുകൊണ്ട് വേദപുസ്തക പ്രകാരം പ്രവർത്തി ചെയ്യാനുള്ള ഒന്നാം ദിവസം ഞായറാഴ്ച്ചയാണ്. ബൈബിളിന്റെ അടിസ്ഥാനത്തിൽ സൂര്യാസ്തമനം മുതൽ സൂര്യാസ്തമനം വരെയാണ് ഒരു ദിവസം. ഉൽപത്തി 1:14-19; ലേവ്യ. 23:32; നെഹമ്യ. 13:16-21; ലൂക്കൊ. 23;54-56) ആയതിനാൽ വേദപുസ്തക പ്രകാരമുള്ള വിശുദ്ധ ശബ്ബത്ത് വെള്ളിയാഴ്ച്ച സൂര്യാസ്തമനം മുതൽ ശനിയാഴ്ച്ച സൂര്യാസ്തമനം വരെയാണ്. ഇന്ന് കത്തോലിക്ക സഭയും മറ്റു പ്രോട്ടസ്റ്റന്റ് സഭകളും ഞായറാഴ്ച്ചയെ കർത്തൃദിവസം എന്നു വിളിക്കുന്നു, എന്നാൽ ബൈബിൾ കർത്തൃദിവസം എന്നു വിളിക്കുന്നത് ശബ്ബത്തിനെയാണ്. (വെളി. 1:10; മർക്കൊ. 2:28; യെശ. 58:13). അതുകൊണ്ട് കർത്തൃദിവസം ഞായറാഴ്ച്ച അല്ല, ഏഴാം ദിന ശബ്ബത്താണ്.

## ഡയസ് ഡൊമിനി

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ മെയ് 1998-ൽ പ്രസിദ്ധീകരിച്ച ഇടയലേഖനത്തിൽ ശബ്ബത്ത് സ്വാസ്ഥതയുടെ യഥാർത്ഥ ദിവസമാണെന്ന് അംഗീകരിക്കയുണ്ടായി. എന്നാൽ ''ക്രിസ്തുവിന്റെ രക്തത്താൽ ലഭിച്ച വിടുതലിനെക്കുറിച്ച് ഘോഷിക്കുവാൻ വിളിക്കപ്പെട്ടവർ ആണ് ക്രിസ്ത്യാനികൾ എന്നും ശബ്ബത്തിന്റെ പ്രാധാന്യത്തെ ഉയർപ്പിൻ നാളിലേയ്ക്ക് മാറ്റുവാൻ അവർക്ക് അധികാരം ലഭിച്ചിട്ടുണ്ടെന്നും'' യാതൊരു ലജ്ജയും കൂടാതെ അദ്ദേഹം പ്രസ്താവിക്കുന്നു.

പോപ്പ് വീണ്ടും പ്രസ്താവിക്കുന്നത് "ഞായറാഴ്ച്ചയുടെ ആത്മീയവും അജപാലന സമ്പത്തും നമുക്ക് ലഭിച്ചത് പാരമ്പര്യപ്രകാരമാണ്.'' ഞായറാഴ്ച്ചയിലേക്കുള്ള മാറ്റം തങ്ങൾക്ക് ലഭിച്ച അധികാരത്താലാണെന്ന് ബോധ്യപ്പെട്ടതായി പോപ്പ് അറിയിക്കുന്നു.

ഞായറാഴ്ച്ച ആചാരം കത്തോലിക്കാ സഭയുടെ ഒരു സ്ഥാപനമാണ്.






അതിനെ വിശുദ്ധീകരിക്കുന്നു എന്നുള്ള അവകാശവാദം കത്തോലിക്കസഭയുടെ പ്രമേയങ്ങളെ മാത്രം ആശ്രയിച്ചുള്ളതാണ് (The Catholic Press, Sydney, Australia, August 1900.)

എതിർക്രിസ്തുവിനെക്കുറിച്ച് അഥവാ മൃഗത്തെക്കുറിച്ച് ബൈബിൾ നൽകുന്ന എല്ലാ ലക്ഷണങ്ങളും പാപ്പാത്വത്തിന് യോജിക്കുന്നു എന്നുള്ള കാര്യം ഇപ്പോൾ വ്യക്തമായിരിക്കയാണ്. എതിർക്രിസ്തുവിന്റെ ലക്ഷണങ്ങൾ പാപ്പാത്വത്തിനുണ്ടെന്ന് നവീകരണ കർത്താക്കൾ പരസ്യമായി അറിയിച്ചിട്ടുണ്ട്. "Augsburg Confession of Beliefs". പേജ് 539.

കത്തോലിക്കാ സഭ ദൈവത്തിന്റെ അടയാളമായ ശബ്ബത്തിനെ അവരുടെ പ്രശ്നോത്തര പാഠത്തിൽ പറയുന്ന പത്തു കൽപനയിൽ നിന്നും ഒഴിവാക്കി എന്ന് നാം മനസ്സിലാക്കുകയുണ്ടായി. ഇതു കൂടാതെ കത്തോലിക്ക സഭയുടെ അധികാരത്തിന്റെ അടയാളം ഞായറാഴ്ച്ച ആചാരമാണെന്ന് വ്യത്യസ്ത ഉപദേശങ്ങളിലൂടെ അറിയിക്കുന്നു. ഞായറാഴ്ച്ച വിശുദ്ധമായി ആചരിക്കുന്നതിലൂടെ മറ്റുള്ളവരും സഭയുടെ ഈ അധികാരത്തെ അംഗീകരിക്കുകയാണ് - (H.F Thomas, Chancellor of Cardinal Gibbons, and the Douay Catechism, P.59).

## തിരുവത്താഴവും ഞായറാഴ്ച്ച ആചാരവും

എല്ലാ ഞായറാഴ്ച്ചയും കത്തോലിക്കാ സഭയുടെ തിരുവത്താഴ ശുശ്രൂഷ നടത്തണമെന്ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ

ഡയ്സ് ഡൊമിനി എന്ന തന്റെ ഇടയ ലേഖനത്തിലൂടെ ജനങ്ങളെ ഉദ്ബോധിക്കുകയുണ്ടായി. വേദപുസ്തക വിരുദ്ധമായ കത്തോലിക്ക തിരുവത്താഴവും ഞായറാഴ്ച്ച ആചരണവും ഒരേ സമയത്ത് ജനങ്ങൾ ആചരിക്കണമെന്നാണ് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം. 1998 മെയ് 28-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച തന്റെ രണ്ടാമത്തെ ഇടയലേഖനമായ അഡ് ട്യൂൻഡം ഫിഡം (Ad Tuendom Fidum) ത്തിലൂടെ നമുക്കും അത് കുറെക്കൂടെ വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. സത്യസന്ധമായി കത്തോലിക്കാ സഭയുടെ തത്വങ്ങൾ അനുസരിക്കാത്തവരെ മതത്തിന്റെ ശത്രുക്കളായി കണ്ടു അവരെ ശിക്ഷിക്കും എന്നു ഇതിൽ പറയുന്നു. ഭൂതകാലത്തിലെ തിന്മയുടെ കാറ്റു പോലെയാണ് ഈ വാക്കുകൾ. പക്ഷെ ഭയപ്പെടരുത്, യേശുക്രിസ്തു ശക്തനായ നേതാവായി തങ്ങളുടെ പക്ഷത്തുള്ളതുകൊണ്ട് ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് എതിർപ്പുകളേയും പീഢനങ്ങളേയും നേരിടുന്നതിനുള്ള ശക്തി അവൻ നൽകുന്നതാണ്.

## മൃഗത്തിന്റെ സംഖ്യ

‘‘പ്രബല ശക്തിയെയും ആഗോള ഐക്യതയെയും സൂക്ഷിച്ചുകൊൾക” (Wachout for the Power elite and the Global Union) എന്ന ലഘുലേഖയിൽ മൃഗത്തെ തിരിച്ചറിയുന്നതിനുള്ള 16 ലക്ഷണങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും. മൃഗത്തിന്റെ സംഖ്യയെപ്പോലെ തന്നെ ഈ ലക്ഷണങ്ങളും കത്തോലിക്ക സഭയ്ക്ക് യോജിക്കുന്നു. ഇത് വെറുമൊരു ഗൂഡാർത്ഥ പദസഞ്ചയമല്ല, അത് ഒരു മനുഷ്യന്റെ സംഖ്യയാണ്. മൃഗത്തിന്റെ മുദ്ര ഗൂഡാർത്ഥ പദസഞ്ചയ ഘടകമാണ് എന്ന് പറയുന്നവർ ജനത്തെ തെറ്റിക്കുന്നവരാണ്. സൈബർ കോഡിന് മൃഗത്തിന്റെ മുദ്രയുമായി യാതൊരു ബന്ധവുമില്ല. വൈദ്യുതി സംവിധാനമുപയോഗിച്ച് മനുഷ്യനെ തിരിച്ചറിയുന്നതിനും മുദ്ര ഏറ്റവരെ കാണുന്നതിനും കഴിയുമെങ്കിലും എത്ര ശ്രമിച്ചാലും വാങ്ങുവാനും വിൽക്കുവാനും കഴികയില്ല.

മൃഗത്തിന്റെ സംഖ്യയിലേയ്ക്ക് നമുക്കിപ്പോൾ മടങ്ങിവരാം. അത് ഒരു മനുഷ്യന്റെ സംഖ്യയാണെന്ന് ബൈബിൾ പ്രസ്താവിക്കുന്നു. 666 ആരാണ്?

എല്ലാ മാർപ്പാപ്പാമാർക്കും ഒരു പൊതുവായ സ്ഥാനപ്പേരുണ്ട് VICARIUS FILII DEI ദൈവ പുത്രന്റെ ഈ ഭൂമിയിലെ പ്രതിനിധി എന്നാണ് ഇതിന്റെ അർത്ഥം ("Our Sunday Visitor" Catholic Weekly, Bureau of Investigation, Huntington , Ind., 18 April 1915) ലത്തീൻ ഭാഷയിൽ ഇതിന്റെ അക്ഷരങ്ങൾക്ക് ചില സംഖ്യാ മൂല്യം ഉണ്ട്. നാം ഈ പേരിനെ ഇപ്രകാരം കണക്കുകൂട്ടിയാൽ നമുക്ക് 666 എന്നു കിട്ടും.

(V & U= 5, I=1, C=100, A=0, R=0, S=0, L=50, D=500, E=0). ആകെ=666.

മൃഗത്തിന്റെ സംഖ്യയും മൃഗത്തിന്റെ മുദ്രയും മൃഗത്തിന്റെ പ്രതിമയും മൃഗത്തെ തിരിച്ചറിയാനുള്ള മൂന്ന് ലക്ഷണങ്ങളാണ്. എല്ലാ സാക്ഷ്യമുദ്രകളും പാപ്പാത്വമാകുന്ന ശക്തിക്ക് യോജിക്കുന്നു. എതിർക്രിസ്തുവിന്റെ ലക്ഷണങ്ങൾ പോപ്പിനുണ്ടെന്ന് ലൂതറും നവീകരണകർത്താക്കളും പറഞ്ഞത് ശരിയാണ്.




## നെറ്റിയിലും കൈമേലും

മൃഗത്തിന്റെ മുദ്ര സ്വീകരിക്കുന്നത് നെറ്റിയിലും കൈമേലും ആണെന്ന് ബൈബിൾ പ്രസ്താവിക്കുന്നു:

“അത് ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറ് മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവരല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്യാൻ വഹിയാതെയും ആകുന്നു. (വെളി. 13:16, 17).

നെറ്റി ചിന്തകളെയും കൈ പ്രവർത്തികളെയും കുറിക്കുന്നു എന്നുള്ള വിശദീകരണം ബൈബിൾ സ്വന്തമായി നൽകുന്നു. (ആവർ. 6:6-9; പുറ. 13:8-10).

മൃഗത്തിന്റെ മുദ്ര എന്താണെന്ന് മനസ്സിലാക്കിയ പലരും മുദ്ര ഏൽക്കേണ്ട സമയം വരുമ്പോൾ പാപ്പാത്വം കൊണ്ടു വന്ന ഞായറാഴ്ച്ച ആചാരം അനുസരിക്കുന്നതിനുള്ള തീരുമാനം അവരുടെ മനസ്സിൽ എടുക്കുന്നതാണ്. ഇങ്ങനെ അവരുടെ നെറ്റിമേൽ മൃഗത്തിന്റെ മുദ്ര ഏൽക്കുന്നതാണ്. മൃഗത്തിന്റെ മുദ്ര ലഭിച്ചവർ അവരുടെ കൈകളിലൂടെയും പ്രവർത്തികളിലൂടെയും തങ്ങളുടെ തിരഞ്ഞെടുപ്പ് എന്താണെന്ന് വെളിപ്പെടുത്തുന്നു. കർത്താവിന്റെ ശബ്ബത്തു ദിവസം ജോലി ചെയ്യുകയും ഞായറാഴ്ച്ച ആചരിക്കുകയും ചെയ്യുന്നതിലൂടെ അവർക്ക് മൃഗത്തിന്റെ മുദ്ര ലഭിക്കുന്നു. ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞാൽ മൃഗത്തെ പോലെതന്നെ തങ്ങളുടെ ആശയങ്ങളെ പ്രതിരോധിക്കുകയും ദൈവവചനത്തെ എതിർക്കുകയും ചെയ്യുന്നവരാണ് മൃഗത്തിന്റെ മുദ്ര ഏൽക്കുന്നത്.

ഭൂരിപക്ഷം ജനങ്ങളും മാനുഷിക അധികാരത്തോട് കൂറു പുലർത്തുന്നതിന്റെ അടയാളമായി മൃഗത്തിന്റെ മുദ്ര ഏൽക്കുന്നതു പോലെ തന്നെ ചെറിയ ഒരു വിഭാഗം ജനത്തിന് ദൈവീക അധികാരത്തോടുള്ള വിശ്വസ്തതയുടെ ഫലമായി ദൈവത്തിന്റെ മുദ്ര ലഭിക്കുന്നതാണ്.

മൃഗത്തിന്റെ മുദ്ര ഏൽക്കുന്നവർക്ക് ഒരു മുന്നറിയിപ്പിൻ ദൂത് സ്വർഗ്ഗത്തിൽ നിന്നും ലഭിക്കും.

“മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ച് നെറ്റിയിലോ കൈമേലോ മുദ്ര ഏൽക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും. വിശുദ്ധ ദൂതന്മാർക്കും കുഞ്ഞാടിന്നും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും” (വെളി. 14:9, 10).

“ഒരുവന്റെ മനസ്സിലും

മനസ്സാക്ഷിയിലും പകർന്നുകിട്ടിയ സത്യത്തെ തിരസ്കരിക്കുമ്പോൾ മാത്രമാണ് ദൈവത്തിന്റെ ശിക്ഷാവിധി ഉണ്ടാകുന്നത്. ഈ കാലത്തേക്കുള്ള പ്രത്യേക ദൂത് കേൾക്കുന്നതിനുള്ള അവസരം പലർക്കും ഇതുവരെയും ലഭിച്ചിട്ടില്ല. നാലാം കൽപനയുടെ അനുഗ്രഹം ശരിയായ വിധത്തിൽ അവർക്ക് ഇതുവരേയും പ്രാപിക്കാൻ കഴിഞ്ഞിട്ടില്ല. സകല ഹൃദയങ്ങളേയും വായിച്ചറിയുന്ന ദൈവം, എല്ലാ ഉദ്ദേശ്യങ്ങളേയും മനസ്സിലാക്കുന്നവൻ, സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാതെ വൻ വിവാദത്തിന്റെ വിഷയങ്ങളിൽപ്പെട്ടു വഞ്ചിക്കപ്പെടുന്നതിന് ആരെയും അനുവദിക്കുകയില്ല. ന്യായവിധി ദൈവം അന്ധമായി നടത്തുകയില്ല. ഓരോ മനുഷ്യനും ബുദ്ധിപരമായി തന്റെ തീരുമാനം എടുക്കുന്നതിനുള്ള മതിയായ വെളിച്ചം ദൈവം നൽകുന്നതാണ്." ('The Great Indian Controversy, P. 605).

നിർഭാഗ്യകരം എന്നു പറയട്ടെ, ധാരാളം പേരും അധികാരികളുടെ സമ്മർദ്ദങ്ങൾക്ക് വിധേയരായി ഭക്ഷണം, ജോലി എന്നിവ നഷ്ടപ്പെടും എന്നുള്ള ഭയത്താൽ മൃഗത്തിന്റെ മുദ്ര ഏൽക്കുന്നതാണ്. എന്നാൽ ക്രിസ്തുവിന്റെ ഒരു യഥാർത്ഥ ശിഷ്യൻ അന്ത്യ പ്രതിസന്ധിയുടെ ഘട്ടത്തിൽ ദൈവം തനിക്കു തുണ നിൽക്കും എന്നുള്ള ഉറപ്പോടെ സത്യത്തിനു വേണ്ടി നിലകൊള്ളും.

## ഏതു അധികാരമാണ് നിങ്ങൾ തിരഞ്ഞെടുക്കുന്നത്?

ഏതു അധികാരത്തെയാണ് നിങ്ങൾ പിൻതുടരേണ്ടത് എന്നുള്ളതിന് ഒരു അവസരം ഈ ചെറിയ ലഘുലേഖയിലൂടെ ലഭിക്കുന്നു. ശബ്ബത്തിനെ സ്ഥാപിച്ച യേശുവിനെയാണോ അതോ ഞായറാഴ്ച്ച ആചാരം പ്രോത്സാഹിപ്പിക്കുന്ന പാപ്പാത്വത്തെയോ നിങ്ങൾ തിരഞ്ഞെടുക്കുന്നത്. ഈ വിഷയത്തിൽ നിങ്ങൾക്ക് ഒരു വിശദീകരണം നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. യേശുക്രിസ്തു സൃഷ്ടിപ്പിൽ പങ്കെടുത്ത വ്യക്തിയാണ്. ബൈബിൾ ഇപ്രകാരം പറയുന്നു: "സകലവും അവൻ മുഖാന്തരം ഉളവായി." (യോഹന്നാൻ. 1:1 – 3, 14) ശബ്ബത്തിനെ സ്ഥാപിക്കുന്ന കാര്യത്തിൽ അവൻ പങ്കെടുത്തു, യേശു ശബ്ബത്തിന്റെ കർത്താവു ആകുന്നു എന്നു ബൈബിൾ പറയുന്നു (മർക്കൊസ് 2:28) അതുകൊണ്ടു സ്വസ്ഥതയ്ക്കുള്ള ദിവസത്തെ ആരെങ്കിലും മാറ്റുവാൻ ശ്രമിച്ചാൽ അതു ക്രിസ്തുവിനെ നിഷേധിക്കുന്നതിനു തുല്യമാണ്. നാം ശബ്ബത്ത് അനുസരിക്കുന്നതിനു പകരം ഞായറാഴ്ച്ച ആചരിക്കണം എന്നുള്ളതിന്നു അനുകൂലമായി കർത്താവിന്റെ വായിൽ നിന്നും ഒരു വാക്യം എങ്കിലും അവൻ ഉദ്ധരിച്ചിട്ടുണ്ടോ? "ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല" എന്നു നാം നേരത്തേ വായിക്കുകയുണ്ടായി. ബൈബിൾ വിണ്ടും ഇപ്രകാരം പറയുന്നു:

"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ" (എബ്രാ. 13:8).

ശബ്ബത്ത് കൽപന ഉൾപ്പടെ എല്ലാ കൽപനകളും ഇന്നും നില നിൽക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം.

അതുകൊണ്ടു ചോദ്യം ഇപ്രകാരമാണ്: മനുഷ്യനിർമ്മിതമായ

ഞായറാഴ്ച്ച സ്വസ്ഥദിവസമായി ആചരിക്കുന്നവരോടൊപ്പമാണോ അതോ ദൈവത്തിനും അവന്റെ സ്വസ്ഥദിവസമായ ശബ്ബത്തിനും (ശനിയാഴ്ച്ച) ഒപ്പം ആണോ നിങ്ങൾ നിൽക്കുന്നത്? ഏതു അധികാരത്തെയാണ് നിങ്ങൾ തിരഞ്ഞെടുക്കുന്നത്?

നിങ്ങളുടെ ഈ ചോദ്യത്തിനുള്ള ഉത്തരത്തിലൂടെ അന്ത്യകാലത്തെ പരിശോധന തീരുമാനിക്കപ്പെടും എന്നു ബൈബിൾ പറയുന്നു: നിങ്ങൾ മൃഗത്തെ നമസ്കരിച്ചു അതിന്റെ മുദ്ര കൈക്കൊള്ളുമോ, കാരണം പാപ്പാത്വനിയമം അനുസരിച്ച് സ്വസ്ത്ഥതയ്ക്കുള്ള ദിവസം ഞായറാഴ്ച്ചയാണ്, അതോ ശബ്ബത്തിനെ പ്രമാണിച്ച് ദൈവത്തെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുമോ? (വെളി. 13:15-17; വെളി. 14:9-12).

ഈ വിഷയം വ്യക്തമാക്കിയ ശേഷം ഓരോ വ്യക്തികളും തങ്ങളുടെ തീരുമാനം എടുക്കേണ്ടതാണ്. നിങ്ങളുടെ ഭാഗത്തു നിന്നും ഒരു തീരുമാനം ഉണ്ടാകുന്നതിനു വേണ്ടിയാണ് ഈ ലഘുലേഖ നിങ്ങൾക്ക് ലഭിച്ചത്. "വൻ വിവാദം" എന്ന പുസ്തകത്തിലും "സ്വാതന്ത്ര്യം അപകടത്തിൽ'' എന്ന പുസ്തകത്തിലും നിങ്ങൾക്ക് ഇതിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ കഴിയും. സത്യ ആരാധനയും വിവാദമായതുകൊണ്ട് ശബ്ബത്ത് വിശ്വസ്തതയുടെ ഒരു വലിയ പരിശോധനയാണ്. മനുഷ്യൻ അന്ത്യപരിശോധനയ്ക്കു വിധേയപ്പെടുമ്പോൾ ദൈവത്തെ സേവിക്കുന്നവരും അല്ലാത്തവരും തമ്മിൽ വേർതിരിക്കപ്പെടേണ്ടതിന് ഒരു വര വരയ്ക്കുന്നതാണ്. നാലാം കൽപനയ്ക്ക് എതിരെ മാനുഷകൽപനയായ ഞായറാഴ്ച്ച ആചരിക്കുന്നവർ ദൈവത്തിനു എതിരായിട്ടുള്ള ശക്തിയോടു കൂറു പ്രഖ്യാപിച്ചവർ ആണ്. എന്നാൽ ദൈവത്തിന്റെ കൽപന പ്രകാരം ശബ്ബത്ത് അനുസരിക്കുന്നവർ സൃഷ്ടിതാവിനോടൊത്തു തങ്ങളുടെ കൂറ് പ്രഖ്യാപിച്ചവർ ആണ്. ഭൂമിയിലെ ശക്തികളോടൊത്തു വിധേയത്തിന്റെ അടയാളം ഒരു വിഭാഗം ജനം അംഗീകരിക്കുമ്പോൾ ദൈവത്തിന്റെ അധികാരത്തോടു കൂറു പുലർത്തുന്നവർക്കു ദൈവത്തിന്റെ അടയാളം ലഭിക്കുന്നതാണ്.

## ദൈവത്തിന്റെ മുദ്ര നിങ്ങളുടെ നെറ്റിമേൽ

ദൈവത്തിന്റെ അക്ഷരീയ മുദ്ര സ്വസ്ഥനാളിനെക്കുറിച്ചുള്ള കൽപനയിൽ ഉണ്ട്. ദൈവവും തന്റെ ജനവും തമ്മിലുള്ള അടയാളമായിരിക്കും ശബ്ബത്ത് എന്ന് ദൈവം കൽപിക്കുന്നു. (യെഹെ. 20:12-20). ഈ ഭൂമിയിലെ കുഴപ്പങ്ങൾ അവസാനിക്കുന്നതിനു മുമ്പ് ദൈവജനത്തിന്റെ നെറ്റിമേൽ ലഭിക്കുന്ന അടയാളത്തിന് ഒരു പ്രത്യേക സ്വഭാവമുണ്ട്. മൃഗത്തിന്റെ മുദ്രയും ആയിട്ടുള്ള പോരാട്ടത്തിൽ വിജയിച്ച വിശ്വാസികൾക്ക് ഈ അടയാളം നൽകപ്പെടുന്നതാണ്.

ദൈവം തന്റെ ജനത്തെ അംഗീകരിച്ചിരിക്കുന്നതിന്റെ അടയാളമാണ് ദൈവത്തിന്റെ മുദ്ര. പശ്ചാത്തപിക്കുകയും ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു ബൈബിൾ പറയുന്നു. ക്രിസ്തുവിനോടു ചേർന്നുനിന്നു അവന്റെ ഇഷ്ടം



പ്രവർത്തിക്കുന്ന കാലത്തോളം വിശ്വാസികൾക്ക് പരിശുദ്ധാത്മാവ് എന്ന അടയാളം ലഭിക്കുന്നതാണ്. (എഫെ. 1:14; അപ്പൊ. 5:32)

കർത്താവിന്റെ വരവിനു തൊട്ടു മുമ്പാകെ ദൈവദൂതൻ നിർവ്വഹിക്കുന്ന മുദ്രയിടീലിനെക്കുറിച്ച് നമുക്കു ഇപ്പോൾ ചിന്തിക്കാം. ദൈവജനത്തിന്റെ ആത്മീയ നേതാക്കന്മാർ എന്നു ഏറ്റു പറയുന്നവരുടെ സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്നവരുടെ നെറ്റിമേൽ ദൈവദൂതൻ അടയാളം ഇടുന്നു എന്നു ബൈബിൾ പ്രസ്താവിക്കുന്നു. ദൈവമക്കളുടെ നെറ്റിമേൽ ഇടുന്ന ഈ അടയാളം ദൂതന്മാർക്കു മാത്രമേ കാണാൻ കഴിയൂ. മനുഷ്യർക്കു കാണാൻ കഴികയില്ല. (യെഹെ. 9:4-6). ദൈവജനത്തെ മാനസികമായും ആത്മീയമായും സത്യത്തിനു വേണ്ടി വേർതിരിക്കുന്നതാണ് നെറ്റിയിൽ ഇടുന്ന അടയാളത്തിലൂടെ അർത്ഥമാക്കുന്നത്. പിന്നീട് ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് മാറുവാൻ കഴികയില്ല. (വെളി. 14:1-6)

സ്വയത്തിൽ ആശ്രയിക്കാതെ ദൈവസന്നിധിയിൽ തങ്ങളെത്തന്നെ താഴ്ത്തി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവ ഇഷ്ടത്തിനു അനുരൂപമായി ജീവിക്കുന്നവർ സ്വർഗ്ഗത്തിന്റെ നിയോഗം സ്വീകരിച്ചു ദൈവത്തിന്റെ അടയാളം ലഭിക്കുന്നതിന് തങ്ങളെത്തന്നെ ഒരുക്കുന്നതാണ്. അവരുടെ നെറ്റിയിൽ മുദ്ര ഇടുന്നതുമുതൽ അവർ കളങ്കമില്ലാത്തവരും സ്വഭാവശുദ്ധിയുള്ളവരുമായി നിത്യം ജീവിക്കുന്നതാണ്. അതുകൊണ്ടു ദൈവത്തിന്റെ മുദ്ര അഥവാ അംഗീകാരം ലഭിക്കുന്നതു ദൈവാത്മാവ് ഉള്ളവർക്കാണ്; ജീവിത വിശുദ്ധി യിൽ നിന്നും മാറിപ്പോകാതിരിക്കുന്നതിനു വേണ്ടി അവർ ഇപ്രകാരം ആത്മാവിൽ ബലം പ്രാപിക്കുന്നു. അന്ത്യബാധയുടെ സമയത്തു അവരെ ഉപദ്രവിക്കുവാൻ ആർക്കും കഴിയുകയില്ല. തന്റെ അനുഗാമികളെ കൂട്ടിച്ചേർക്കുവാൻ കർത്താവു വരുമ്പോൾ അവനോടൊപ്പം ആയിരിക്കാൻ അവർ ഒരുങ്ങുന്നതാണ്. കൃപയുടെ കാലം അവസാനിച്ചു കർത്താവിന്റെ നാൾ വരുന്നതു വരെയും മൃഗത്തിന്റെ മുദ്ര ദൃശ്യമായിരിക്കും എന്നു ബൈബിൾ പറയുന്നു (വെളി. 13:11-16)

നാം ഇതിനെക്കുറിച്ചു ഇപ്രകാരം വായിക്കുന്നു:

“മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചും കൊണ്ടു പളുങ്കു കടലിന്നരികെ നിൽക്കുന്നതും ഞാൻ കണ്ടു” വെളി. 15:2

മൃഗത്തിന്റെ മുദ്രയോടു ജയിച്ചവർ സ്വർഗ്ഗത്തിൽ യേശുവിന്റെ സിംഹാസനത്തിന്റെ മുമ്പാകെ നിൽക്കുന്നതായി യോഹന്നാൻ കണ്ടു. വെളി. 14:1; 7:9. അവർ വിജയിച്ചു. അവർ ഒരു പോരാട്ടത്തിൽ ആയിരുന്നു എന്നാണ് ഇത് നമ്മോടു പറയുന്നത്.

യേശുവിന്റെ വരവിങ്കൽ ജീവിക്കുന്ന വിശുദ്ധന്മാർ മൃഗത്തിന്റെ മുദ്രയോടുള്ള പോരാട്ടത്തിൽ ആയിരുന്നു.

നമ്മുടെ അന്ത്യവിധി തീരുമാനിക്കപ്പെടുന്ന ഒരു വലിയ പരിശോധന ഒന്നുകിൽ "ദൈവത്തിന്റെ അടയാളം" അല്ലെങ്കിൽ "മൃഗത്തിന്റെ മുദ്രയാണ്". ദൈവത്തിന്റെ ശേഷിപ്പു ജനം ജയിക്കേണ്ട അവസാന പരിശോധനയാണിത്. ഞായറാഴ്ച്ച ആചാരത്തെ തിരസ്കരിക്കുകയും ദൈവത്തിന്റെ കൽപനകളെ പ്രമാണിച്ചു അവനെ അനുസരിക്കുകയും അവന്റെ കൊടിക്കീഴിൽ ശരണം പ്രാപിക്കുകയും ചെയ്യുന്നവർക്കു ജീവനുള്ള ദൈവത്തിന്റെ അടയാളം അഥവാ മുദ്ര ലഭിക്കും. ദൈവത്തിന്റെ സത്യത്തെ അംഗീകരിക്കാൻ വിസമ്മതിക്കുകയും ഞായറാഴ്ച്ച വിശുദ്ധ ദിവസമായി ആചരിക്കുകയും ചെയ്യുന്നവർക്ക് മൃഗത്തിന്റെ മുദ്ര ലഭിക്കും.




നിങ്ങളെ ഒരുക്കുന്നതിനുള്ള സമയം ഇപ്പോൾ ആണ്. അശുദ്ധരായ സ്ത്രീ പുരുഷന്മാരുടെ നെറ്റിമേൽ ദൈവത്തിന്റെ മുദ്ര പതിക്കുകയില്ല. ദ്രവ്യാഗ്രഹികളും ലോകത്തെ സ്നേഹിക്കുന്നവരുമായവരുടെ നെറ്റിമേലും ദൈവത്തിന്റെ മുദ്ര ഇടുകയില്ല. വഞ്ചകരും വ്യാജ അന്യഭാഷ സംസാരിക്കുന്നവരുടെ മേലും ദൈവത്തിന്റെ മുദ്ര പതിക്കുകയില്ല. കളങ്കമില്ലാത്തവരായി സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ജീവിക്കുന്ന ഏവർക്കും മുദ്ര ലഭിക്കും.

## ഞായറാഴ്ച്ച ആചാരപ്രസ്ഥാനം തുടങ്ങി

ലോകമെമ്പാടും ഒരു ഞായറാഴ്ച്ച ആചാര പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നു. യൂറോപ്പിലെ പ്രൊട്ടസ്റ്റന്റു സമൂഹവും കത്തോലിക്കാ സഭയും തങ്ങൾക്കു യോജിക്കാൻ കഴിയുന്ന വിഷയങ്ങളെക്കുറിച്ചു ചിന്തിച്ചു കൊണ്ടിരിക്കുകയാണ്. അവർക്കു പരസ്പരം യോജിക്കാൻ കഴിയുന്ന ഒരു വിഷയമാണ് ഞായറാഴ്ച്ച ആചാരം. കത്തോലിക്കാ സഭയുടെ മാതൃകപ്രകാരം യൂറോപ്പിലെ സഭകൾ യോജിക്കണമെന്ന് ഇന്റർ ഫെയ്ത്ത് അലയൻസും CEC യും ആഗ്രഹിക്കുന്നു. ഹെറാൾഡ് അഞ്ചാമൻ നോർവ്വേയുടെ രാജാവായി അവരോധിക്കപ്പെട്ടപ്പോൾ, ഞായറാഴ്ച്ച ആചാരത്തെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി തന്റെ അനുഗ്രഹ ശുശ്രൂഷ ഒരു ഞായറാഴ്ച്ച ദിവസം നടത്തുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. സ്വസ്ഥനാളിനെ പ്രതിരോധിക്കുന്നതിനു വേണ്ടി ഒരു ജനകീയ ഞായറാഴ്ച്ച പ്രസ്ഥാനം ആരംഭിക്കുന്നതിന് ചിലർ ആഗ്രഹിക്കുമ്പോൾ ഞായറാഴ്ച്ച ആചാരം ലംഘിക്കുന്നവരുടെമേൽ ചില ശിക്ഷാ നടപടികൾ എടുക്കുന്നതിനെക്കുറിച്ചു വേറെ ചിലർ ആലോചിക്കുന്നു.

ഞായറാഴ്ച്ചയെ മറ്റു ദിവസങ്ങളിൽ നിന്നും വേർതിരിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി ബിഷപ്പുമാരും പുരോഹിതന്മാരും തൊഴിലാളി യൂണിയനുകൾ, പരിതസ്ഥിതി സംഘടനകൾ, വ്യാപാരി വ്യവസായി പ്രസ്ഥാനങ്ങൾ എന്നിവയുമായി സഹകരിക്കുന്നത് നാം കണ്ടു കൊണ്ടിരിക്കുകയാണ്. ഒരു പൊതു അവധി ദിവസം വേണമെന്നുള്ള അവരുടെ ആവശ്യം തത്വത്തിൽ നല്ലൊരു കാര്യമാണ്, അർത്ഥവത്തായ ഒരു അനുഭവത്തിനു വേണ്ടി ഒരു വിശ്രമ ദിവസം വേണമെന്നുള്ള അവരുടെ ആവശ്യവും നല്ല കാര്യമാണ്. നമുക്കു ശാരീരികവും മാനസികവുമായ സ്വസ്ഥത ആവശ്യമാണ്. എന്നാൽ ഇന്നത്തെ ക്രിസ്തീയ ലക്ഷ്യം ഒരു സ്വസ്ഥനാളിനെ പ്രോത്സാഹിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ സൃഷ്ടിതാവായ ദൈവം അനുഗ്രഹിച്ചു വിശുദ്ധീകരിച്ച ഏഴാം ദിന ശബ്ബത്താണ് വേദപുസ്തക പ്രകാരമുള്ള സ്വസ്ഥനാൾ. അതു പോലെ ഈ ഭൂമിയിലെ അധികാരികൾ പ്രാബല്യത്തിൽ കൊണ്ടുവരുന്ന ഒരു ദിവസം മറ്റുള്ളവർ നിർബ്ബന്ധമായും വിശുദ്ധ ദിവസമായി ആചരിക്കണം എന്നു തീരുമാനിക്കുന്നതും ശരിയല്ല. ഒരാളിന്റെ വ്യക്തിപരമായ സ്വാതന്ത്ര്യം അനുസരിച്ചു ആയിരിക്കണം ഒരു ദിവസം മാനിക്കേണ്ടത്. അത് ഒരിക്കലും നിർബന്ധത്താൽ അരുത്. നമ്മുടെ മനഃസാക്ഷി അനുസരിച്ചു ദൈവത്തിന്റെ വിശുദ്ധ ദിവസത്തെ മാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം മാനുഷിക നിയമത്താൽ എടുത്തുകളയും എന്നു ബൈബിൾ പറയുന്നു. ഇപ്രകാരമുള്ള മതപരമായ ബലപ്രയോഗങ്ങൾക്കുള്ള തയ്യാറെടുപ്പ് നാം ഇപ്പോൾ കണ്ടു കൊണ്ടിരിക്കുന്നു.

## മൃഗത്തിന്റെ മുദ്ര ഉടൻ വരും

ആസന്ന ഭാവിയിൽ ഞായറാഴ്ച്ച ആചാരം ബലപ്രയോഗത്തിലൂടെ ഒരു ചട്ടമായി കൊണ്ടുവരുന്നതു മുതൽ മൃഗത്തിന്റെ മുദ്രയുടെ പരിശോധന ഉണ്ടാകും.

സ്വസ്ഥനാളിനെക്കുറിച്ചു ഇപ്രകാരം ഒരു കബളിപ്പിക്കൽ നടത്തുന്നതുകൊണ്ടു നാം ഇന്നു തന്നെ നമ്മുടെ തീരുമാനം വ്യക്തമാക്കണം (യാക്കോബ്. 4:17). നാം അഭിമുഖീകരിക്കാൻ പോകുന്ന പരിശോധനകളിൽ ശക്തിയുടെ ഉറവിടമായ പരിശുദ്ധാത്മാവിനെ നാം പ്രാപിക്കേണ്ടതാകകൊണ്ടു ഈ വിഷയത്തിൽ യേശുവിന്റെ പക്ഷത്തു നാം തീർച്ചയായും നില ഉറപ്പിക്കേണ്ടതാണ്.

## ശേഷിപ്പ് ജനം സഹിഷ്ണതയുള്ളവർ: ദൈവകൽപന അനുസരിക്കുന്നവരും യേശുവിന്റെ വിശ്വാസവും ഉള്ളവർ ആണ്.

മനുഷ്യനിർമ്മിതമായ വ്യാജ ആരാധന ദിവസം കൈക്കൊള്ളാത്തവരെക്കുറിച്ചു ബൈബിൾ ഇപ്രകാരം പറയുന്നു:

> “ദൈവകൽപനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണത കൊണ്ടു ഇവിടെ ആവശ്യം” (വെളി. 14:12).

അതുകൊണ്ടു ദൈവകൽപനയും യേശു വിശ്വസിച്ച കാര്യങ്ങളുമായി നാം പരിചയപ്പെടണം.

അവസാനകാലത്ത് യേശു വീണ്ടും വരുന്നതിനു മുമ്പ് ഒരു ഘോരമായ ആത്മീയ യുദ്ധം നടക്കും എന്നു ബൈബിൾ വ്യക്തമാക്കുന്നു. മൃഗത്തിന്റെ മുദ്ര ഏൽക്കാത്തവർ അത് അംഗീകരിക്കുന്നതിന് അവരുടെ മേൽ നിർബ്ബന്ധം ഉണ്ടാകും. അവർക്കു വാങ്ങുവാനോ വിൽക്കുവാനോ കഴികയില്ല എന്നും അവരെ കൊന്നു കളയേണ്ടതിന് കൽപന പുറപ്പെടുവിച്ചു എന്നും അവരോടു പറയും (വെളി. 13:15, 16). ലോകം മുഴുവനും അതിശയിച്ചു പാപ്പാത്വത്തെ (മൃഗത്തെ) അനുഗമിക്കും, എന്നാൽ ദൈവത്തിന്റെ വിശ്വസ്ത ശേഷിപ്പു ജനം പ്രേരണയ്ക്കു കീഴ്പ്പെടുകയില്ല. അവർ സ്ത്രീകളോടു കൂടെ (ഇതര സഭകൾ) മാലിന്യപ്പെടാത്തവർ എന്നു ബൈബിൾ പറയുന്നു. അവർ കന്യകമാരാകയാൽ (2 കൊരി. 11:2) മത്തുപിടിപ്പിക്കുന്ന ബാബിലോണിന്റെ വീഞ്ഞ് സ്വീകരിക്കുകയില്ല, എന്നാൽ ത്രിവിധ ദൂതുകൾ വ്യക്തമായി അറിയിച്ചു തങ്ങളുടെ ജീവിതത്തിലൂടെ ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തും. അവർ ഉന്നത ഭാവം ഉപേക്ഷിച്ചു പരിശുദ്ധാത്മാവ് നയിക്കുന്നതു അനുസരിച്ചു ദൈവത്തിന്റെ വഴി പിൻതുടരും. അവരെക്കുറിച്ച് ഇപ്രകാര മാണ് പറയുന്നത്:

> "കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു... ഭോഷ്ക്ക് അവരുടെ വായിൽ ഉണ്ടായിരുന്നില്ല; അവർ കളങ്കമില്ലാത്തവർ ആകുന്നു." (വെളി. 14:15).

തങ്ങളുടെ ജീവിതം അവർ ക്രിസ്തുവിനുവേണ്ടി വിശുദ്ധീകരിച്ചവരും ദൈവത്തിന്റെയും മനുഷ്യരുടേയും മുമ്പാകെ നീതിയായി ജീവിക്കുന്നതിനു വേണ്ടി പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിച്ചവരും ആണ്.

അവർ കളങ്കമില്ലാത്തവർ ആണെന്ന് ദൈവവചനം പറയുന്നു. പഴയ ഉടമ്പടി പ്രകാരം യാഗമായിത്തീർന്ന കുഞ്ഞാട് കളങ്കമില്ലാത്തതായിരുന്നു എന്നു ഇതേ ഭാഗത്തു പറയുന്നു. യാതൊരു കളങ്കവും ഇല്ലാത്ത ക്രിസ്തുവിനെയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. പരിശുദ്ധാത്മാവു വരുമ്പോൾ ക്രിസ്തുവിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുവാൻ നമുക്കു കഴിയും. നാം പിന്നീട് പാപം ചെയ്യുകയില്ല. യാതൊരു തെറ്റിദ്ധാരണയും വേണ്ട, നമ്മുടെ ശക്തിയാലല്ല ദൈവഇഷ്ടം അനുസരിച്ചു നമ്മിൽ പ്രവർത്തിക്കുകയും നമ്മെ സഹായിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമുക്കു സാധിക്കും. (1 പത്രോ. 1:14–16; ഫിലി. 2:12, 13). അതുകൊണ്ടു ഈ വെല്ലുവിളി ദൈവം നമ്മുടെ മുമ്പിൽ വെയ്ക്കുന്നു. ദൈവത്തിന്റെ മുമ്പാകെ നിൽക്കുവാൻ നിങ്ങൾ അയോഗ്യനാണെന്നു ചിന്തിക്കുകയും ഭാവിയെപ്പറ്റി ഭയപ്പെടുകയും ചെയ്യുന്നെങ്കിൽ നിങ്ങളുടെ പാപത്തിന്റെ സകല ഭാരവുമായി ഇപ്പോൾ തന്നെ യേശുവിന്റെ അടുക്കൽ ചെല്ലുന്നതിനു പരിശുദ്ധാത്മാവു നിങ്ങളെ ക്ഷണിക്കുന്നു! നിങ്ങളുടെ സകല പാപവും യേശുവിന്റെ പാദപീഠത്തിൽ പ്രാർത്ഥനയോടെ സമർപ്പിക്കുകയാണെങ്കിൽ അവൻ നിങ്ങളുടെ പാപത്തെ ക്ഷമിച്ചു നിങ്ങൾ വേദനിപ്പിച്ചവരേയും നിങ്ങളെ വേദനിപ്പിച്ചവരുമായി നിങ്ങളെ നിരപ്പിക്കും. അപ്പോൾ അവന്റെ നീതി

നിങ്ങളുടേതായിത്തീരും. നാം എല്ലാ പ്രകാരത്തിലും നീതിയിൽ ജീവിക്കുന്നതിനും ക്രിസ്തുവിന്റെ പാതയിൽ തുടരുന്നതിനും വേണ്ടി നമ്മെ സഹായിക്കുവാൻ തക്കവണ്ണം പരിശുദ്ധാത്മാവിന്റെ ശക്തിക്കു വേണ്ടി നാം പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. തന്നോടു കൂടി തന്റെ ജനത്തെ ചേർത്തുകൊണ്ടു പോകുന്നതിനു വേണ്ടി കർത്താവു വരുമ്പോൾ നാം ദൈവകൃപയാൽ ഇപ്രകാരം ഒരുങ്ങിയിരിക്കുന്നതാണ്.

## മൃഗത്തിന്റെ പ്രതിമ

ബൈബിളിൽ പറഞ്ഞിരിക്കുന്ന മൃഗത്തെ തിരിച്ചറിയാനുള്ള ലക്ഷണങ്ങൾ പാപ്പാത്വത്തിനു യോജിക്കുന്നതുകൊണ്ടു മൃഗത്തിന്റെ പ്രതിമ ഈ വ്യവസ്ഥിതിയുടെ ഒരു പകർപ്പാണ്.

ജനങ്ങളെ ഭീഷണിപ്പെടുത്തി അവരുടെ മേൽ വ്യാജാരാധനയും ദുരുപദേശങ്ങളും ചുമത്തപ്പെടുന്നതിന് രാഷ്ട്രീയ നിയമം കൊണ്ടു വരുന്നതിനു വേണ്ടി ഭരണ കൂടത്തെ പിൻതുണയ്ക്കുന്ന വിശ്വാസത്യാഗം സംഭവിച്ച പ്രോട്ടസ്റ്റന്റു സമൂഹത്തെയാണ് മൃഗത്തിന്റെ പ്രതിമ സൂചിപ്പിക്കുന്നത്.

യൂറോപ്പിലെ മിക്ക രാജ്യങ്ങൾക്കും ഓരോ ഔദ്യോഗിക സഭയുണ്ട്. സഭയും രാഷ്ട്രവും ഒരുമിച്ചു പ്രവർത്തിക്കുന്നു. സഭയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനു വേണ്ടി ഭരണകൂടം സഹായിക്കുന്നു. കത്തോലിക്കാ വ്യവസ്ഥിതിക്കനുസരിച്ചാണിത്. മദ്ധ്യഅന്ധകാരയുഗത്തിൽ മറ്റു വിശ്വാസത്തിലുള്ള ജനങ്ങളെ പീഡിപ്പിക്കുന്നതിന് കത്തോലിക്കാ സഭ എപ്രകാരം അതിന്റെ അധികാരം ഉപയോഗിച്ചു എന്നുള്ളതിന് മതിയായ തെളിവുകൾ ഉണ്ട്. അവസാന നാളുകളിൽ ദൈവജനത്തെ ഉപദ്രവിക്കുന്നതിനു വേണ്ടി അധികാരം ദുർവ്വിനിയോഗം ചെയ്യപ്പെടും എന്നു ബൈബിൾ പ്രസ്താവിക്കുന്നു. (വെളി. 13:11-18) അമേരിക്കൻ ഐക്യനാടിനു സഭയും രാഷ്ട്രവും അടങ്ങുന്ന ഒരു വ്യവസ്ഥ അവരുടെ ഭരണഘടനയിൽ ഇല്ലാത്തതുകൊണ്ടു പാപ്പാത്വമാതൃകയിലുള്ള ഭരണക്രമത്തിന്റെ പതിപ്പ് ഉണ്ടാകും എന്നു ഒരാൾക്ക് സങ്കൽപിക്കാൻ പോലും കഴിയുകയില്ല. എന്നാൽ ഇതേ പോലെ അമേരിക്കയിൽ സംഭവിക്കും എന്നു ബൈബിൾ വ്യക്തമാക്കുന്നു. ഞായറാഴ്ച്ച വിശുദ്ധ ദിവസമായി ആചരിക്കുന്നതിനുള്ള പ്രത്യേക മതപരമായ നിയമങ്ങൾ അവർ രാഷ്ട്രീയ അധികാരം ഉപയോഗിച്ചു നടപ്പിൽ വരുത്തുന്നതാണ്.

യു. എസ് മതസ്വാതന്ത്ര്യമുള്ള രാജ്യമാണെന്ന് നിങ്ങൾ പറയുമായിരിക്കും. ശരിയാണ്, അതു മഹാസർപ്പത്തെപ്പോലെ സംസാരിക്കുകയും അതിനു കുഞ്ഞാടിനുള്ളതു പോലെ രണ്ടു കൊമ്പും ഉണ്ടായിരുന്നു എന്നും ബൈബിൾ ചിത്രീകരിക്കുന്നു. ആദിമുതലുള്ള ചരിത്രകാലം മുതൽ അമേരിക്ക ഒരു മതസ്വാതന്ത്ര്യമുള്ള രാജ്യമായിട്ടാണ് അറിയപ്പെടുന്നത്. കുഞ്ഞാടിന്റെ കൊമ്പ് സാദൃശീകരിക്കുന്നത്: യവ്വനം, നിഷ്കളങ്കത, സൗമ്യത, എന്നീ സ്വഭാവഗുണങ്ങൾ ആണ്. 18-ാം നൂറ്റാണ്ടിൽ ഒരു സ്വതന്ത്ര രാഷ്ട്രമായി ഉടലെടുത്തപ്പോൾ അമേരിക്കയ്ക്കും ഈ സ്വഭാവവിശേഷതകൾ ഉണ്ടായിരുന്നു.

**H.R 2431**

**International Religious Freedom Act of 1998**

**Signed into law October 27. 1998 by the President of the United States of America William J. Clinton**

പ്രൊട്ടസ്റ്റന്റു വിശ്വാസവും ജനാധിപത്യവും ആയിരുന്നു അതിന്റെ അടിസ്ഥാന തത്വങ്ങൾ. അവനവന്റെ മനഃസാക്ഷി അനുസരിച്ചു ദൈവത്തെ സേവിക്കുന്നതിനുള്ള മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെട്ടിരുന്ന ഈ സാഹചര്യം മാറി രാഷ്ട്രം ഒടുവിൽ ഒരു മഹാസർപ്പത്തെപ്പോലെ സംസാരിക്കും എന്നു ബൈബിൾ വെളിപ്പെടുത്തുന്നു. ഒരു രാഷ്ട്രം അതിന്റെ നിയമ നിർമ്മാണ സഭകളിലൂടെയാണ് സംസാരിക്കേണ്ടത്.

അമേരിക്കൻ നിയമ നിർമ്മാണ സഭയായ കോൺഗ്രസ് HR 2431 പോലുള്ള ചില നിയമങ്ങൾ കൊണ്ടുവന്നത് പലരും ശ്രദ്ധിക്കുന്നുണ്ടായിരിക്കും. ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള മതവിഭാഗങ്ങളെക്കുറിച്ചു നിതാന്ത ജാഗ്രത പുലർത്തുന്നതിന് ഒരു പുതിയ അധികാര കേന്ദ്രം നിയമിച്ചിരിക്കുന്നു. മത പീഢനങ്ങൾ നടത്തുന്നവരെ ശിക്ഷിക്കുന്നതിന് വേണ്ടിയാണ് ഇങ്ങനെ ഒരു അധികാര കേന്ദ്രം നിയമിച്ചത്. എന്താണ് മതപീഢനം എന്നു നിർണ്ണയിച്ചിരിക്കുന്നത് ഈ സ്ഥാപനമാണ്. ഉദാഹരണത്തിന് ഈ ലഘുലേഖ കത്തോലിക്കാ സഭയെ പീഢിപ്പിക്കുന്നതിനു വേണ്ടി എഴുതപ്പെട്ടതാണെന്ന് അവർ പരിഗണിക്കുമോ?

മതത്തെ സംബന്ധിക്കുന്ന നിയമം കൊണ്ടുവരികയില്ല എന്നു അമേരിക്കൻ ഭരണഘടന ഉറപ്പു നൽകുന്നു. ഇപ്രകാരമാണ് ഭരണഘടന പറയുന്നത്:

"മതം ചുമത്തപ്പെടുന്നതിനോ അതിനെ നിരോധിക്കുന്നതിനോ ഉള്ള നിയമം കോൺഗ്രസ് കൊണ്ടുവരികയില്ല." സ്വാതന്ത്ര്യത്തിന്റെ ഉറപ്പ് പൂർണ്ണമായും അവഗണിക്കുമ്പോൾ മാത്രമേ രാഷ്ട്രീയ അധികാരികൾ മതപരമായ നിയമം ചുമത്തുകയുള്ളൂ. ഇത്തരത്തിലുള്ള പ്രക്രിയകൾ ആരംഭിച്ചു കഴിഞ്ഞു. ഇത് കൂടുതലായി ഉണ്ടാകുന്നതാണ്. പാപ്പാത്വത്തിന്റെ പേരിൽ എല്ലാ അധികാരവും അമേരിക്ക (രണ്ടാം മൃഗം) ഉപയോഗിക്കുന്നതാണെന്ന് ബൈബിൾ പറയുന്നു. "മൃഗത്തിന്റെ പ്രതിമ" അവർ പ്രയോഗത്തിൽ കൊണ്ടുവരുന്നതാണ്. അവർ ഈ പ്രവർത്തനം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു.

**ഞായറാഴ്ച ആചാരനിയമം കൊണ്ടുവരുന്നതിന് യു. എസ് നേതൃത്വം നൽകുന്നതാണ്.**

മൃഗത്തിന്റെ മുദ്ര (ഞായറാഴ്ച ആചാര നിയമം) കൊണ്ടുവരുന്നതിന് അമേരിക്ക നേതൃത്വം വഹിക്കുന്നതു കാണുമ്പോൾ പലർക്കും അതൊരു ആശ്ചര്യമായിരിക്കും. മറ്റു പല രാജ്യങ്ങളും അമേരിക്കയുടെ മാതൃക പിൻതുടരുന്നതാണ്. ഈ പ്രബലശക്തികളോടു (വിശ്വാസ



ത്യാഗം സംഭവിച്ച പ്രോട്ടസ്റ്റന്റു സമൂഹം, കത്തോലിക്ക സഭ) എതിർത്തു നിൽക്കുകയും മൃഗത്തിന്റെ മുദ്ര സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവർ പെട്ടെന്ന് ഉണ്ടാകുന്ന ദുരന്തങ്ങൾക്കും നാശനഷ്ടങ്ങൾക്കും ലോകസമാധാനത്തിനും ഭീഷണിയാണെന്ന് പറഞ്ഞു അവരെ ശിക്ഷയ്ക്കു വിധിക്കും. അവരെ നശിപ്പിക്കുന്നതിനുള്ള വിധി പ്രസ്താവിക്കും എന്നു ബൈബിൾ പറയുന്നു (വെളി. 13:11-16). ഈ സന്ദർഭത്തിൽ തന്റെ ജനത്തെ വിടുവിക്കുന്നതിനു വേണ്ടി ലോകരക്ഷകനായ യേശു ക്രിസ്തു വീണ്ടും വരുന്നതാണ്. ("വൻ വിവാദം" എന്ന പുസ്തകം 439 മുതൽ 445 വരെയുള്ള പേജുകളിൽ കുഞ്ഞാടിനെപ്പോലുള്ള മൃഗത്തെക്കുറിച്ചു കൂടുതൽ വായിച്ചു മനസ്സിലാക്കാൻ സാധിക്കും)

## ഭയാനകമായ ശിക്ഷ

മൃഗത്തിന്റെ ശിക്ഷ സ്വീകരിക്കുന്നവർക്കു ഭയാനകമായ ശിക്ഷ ലഭിക്കും എന്നു ബൈബിൾ പറയുന്നു.

കൃപയുടെ വാതിൽ അടയ്ക്കുന്നതിനെ തുടർന്ന് ഉടൻ ഉണ്ടാകുന്ന ഏഴു ബാധകൾ നിമിത്തം ഏറ്റവും കൂടുതൽ യാതന അനുഭവിക്കുന്നത് മൃഗത്തിന്റെ മുദ്ര സ്വീകരിച്ചവർ ആണ്. (വെളി. 15:5-8).

ഇതിനെക്കുറിച്ച് ബൈബിൾ ഇപ്രകാരം പറയുന്നു:

"നിങ്ങൾ പോയി ക്രോധ കലശം ഏഴും ഭൂമിയിൽ ഒഴിച്ചുകളവിൻ എന്നു ഒരു മഹാശബ്ദം ദൈവാലയത്തിൽ നിന്നു ഏഴു ദൂതന്മാരോടും പറയുന്നതു ഞാൻ കേട്ടു. ഒന്നാമത്തവൻ പോയി തന്റെ കലശം ഭൂമിയിൽ ഒഴിച്ചു. അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്കരിക്കുന്നവരുമായ മനുഷ്യർക്ക് വല്ലാത്ത വൃണം ഉണ്ടായി." (വെളി. 16:1, 2).

"മൃഗത്തിന്റെ മുദ്ര" ഏൽക്കുന്നവരുടെ മേലാണ് തുടർന്നു വരുന്ന ആറു ബാധകളിലെ ക്രോധ കലശങ്ങളും ഒഴിക്കപ്പെടുന്നത്. ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് യാതൊരു ദോഷവും ഉണ്ടാവുകയില്ല. ഇന്ന് ഭൂരിപക്ഷം ജനങ്ങളും പിശാചിന്റെ നശീകരണ ശക്തിയ്ക്കു വിധേയപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ മിസ്രയീം വിട്ട യിസ്രായേൽ ജനത്തിന് പത്തു ബാധകൾ നിമിത്തം യാതൊരു ആപത്തും വരാതിരുന്നതു പോലെ അടയാളം ലഭിച്ചവർക്ക് ഏഴു ബാധകൾ നിമിത്തം യാതൊരു ദോഷവും ഭവിക്കുകയില്ല. (പുറ. 8:22).

അവസാനം സാത്താനേയും അവനോടു ചേർന്നവരേയും തീയും ഗന്ധകവും അയച്ചു ഉന്മൂലനം ചെയ്യുന്നതോടു കൂടിയാണ് അവരുടെ അന്തിമവും അതിദാരുണവുമായ ശിക്ഷ അവസാനിക്കുന്നത്. ബൈബിൾ ഇതിനെ ഇപ്രകാരം വിശദീകരിക്കുന്നു:

"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ, എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ. ഇതു രണ്ടാമത്തെ മരണം." (വെളി. 21:8)

ദൈവത്തിനെതിരെ നിന്നവർക്കു അവരുടെ പ്രവർത്തിക്കു തക്ക ന്യായവിധി ഉണ്ടാകും. അവരെ വൈക്കോൽ പോലെ കത്തിച്ചു കളയും. അവരെ നശിപ്പിച്ചു കളയും. (വെളി. 11-15; മലാഖി. 4:1).

തിന്മയുടേയും തിന്മയെ പിൻതുടരുന്നവരുടേയും അന്ത്യ നാശമാണിത്. പിന്നീട് ദൈവം നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നതാണ്. അങ്ങനെ ഈ നടപടിക്രമം പൂർത്തിയാകും. ഏദെൻ തോട്ടമായ നഷ്ടപ്പെട്ട പറുദീസയിൽ മനുഷ്യൻ പാർക്കും, അവിടെ പാപം ഇനി ഒരിക്കലും വാഴുകയില്ല, മനുഷ്യനു ദൈവവുമായി വീണ്ടും അഭിമുഖ സംഭാഷണം നടത്താൻ കഴിയും. കാരണം അവർക്ക് മഹത്വമുള്ള ശരീരം ലഭിക്കും. (1 കൊരി. 15:50-54).

രക്ഷിക്കപ്പെട്ടവർക്കു ലഭിക്കാൻ പോകുന്ന മഹത്വവുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടുത്തെ കഷ്ടപ്പാടുകൾ സാരമില്ല. അതുകൊണ്ടു നാം ഇതിനു വേണ്ടി നോക്കിപ്പാർക്കണം. അവിടെ എത്തുന്നതിന് പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നതിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം. ആ നാഴിക അത്ര വിദൂരമല്ലെന്ന് കാലഘട്ടത്തിന്റെ ലക്ഷണങ്ങൾ നമ്മെ വിളിച്ചറിയിക്കുന്നു.

## രക്ഷിക്കപ്പെട്ടവർ ആദ്യം സ്വർഗ്ഗത്തിൽ പോകും

യേശു വീണ്ടും വരുമ്പോൾ രക്ഷിക്കപ്പെട്ടവർ മേഘങ്ങളിൽ എടുക്കപ്പെടുകയും അവർ സ്വർഗ്ഗത്തിൽ പോവുകയും ചെയ്യും. ബൈബിൾ ഇതിനെ വിശദീകരിച്ചിരിക്കുന്നു.

"കർത്താവിന്റെ പ്രത്യക്ഷത വരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു അകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും (1 തെസ്സ. 4:15-17)

യേശു ഭൂമിയിലേക്കു ഇറങ്ങിവരാത്തതുകൊണ്ടു രക്ഷിക്കപ്പെട്ടവർ മേഘങ്ങളിൽ എടുക്കപ്പെടും. അവർ സ്വർഗ്ഗത്തിലേക്കു പോകുന്നതാണ്. (വെളി. 15:2)




1. ദൈവത്തിന്റെ അടയാളം
വെളി. 7:2–4; 14:1–5;
പുറ. 20:8–11; യെഹെ. 9:4

3. കൃപാകാലം
അവസാനിക്കുന്നു
വെളി. 15:8; 22:11

2. മൃഗത്തിന്റെ മുദ്ര
വെളി. 13:16–17;
ആവർ.6:6–8;
വെളി. 15:2; 20:4; 16:2

4. അന്ത്യ ഏഴു
ബാധകൾ
വെളി. 15:2–16:21

5. യേശുവിന്റെ
വീണ്ടും വരവ്
അപ്പൊ. 1:9–11;
വെളി. 1:7; 14:14;
മത്താ. 24:27, 30, 31

6. 1 തെസ്സ. 4:15–18;
1 കൊരി. 15:51–55;
യോഹ. 5:28, 29

7. രക്ഷിക്കപ്പെട്ടവർ
ക്രിസ്തുവിനോടു കൂടെ
സ്വർഗ്ഗത്തിൽ
യോഹ. 14:1–3;
വെളി. 20:4, 6; 15:2–4; 7:9–17;
1 കൊരി. 6:2, 3

8. ആയിരമാണ്ട്
വെളി. 20:2–7

ആയിരമാണ്ടു സമയത്തു രക്ഷിക്കപ്പെട്ടവർ സ്വർഗ്ഗത്തിലാണെന്ന് ബൈബിൾ പ്രസ്താവിക്കുന്നു (വെളി. 20:4) നമ്മുടെ രക്ഷിതാവായ യേശുവിനോടും രക്ഷിക്കപ്പെട്ടവരോടും കൂടെ സ്വർഗ്ഗത്തിൽ ആയിരിക്കുന്നതു മഹത്വകരമായ സന്ദർഭമാണ്, എന്നാൽ അതു ഗൗരവമേറിയ സമയവുമാണ്. രക്ഷിക്കപ്പെട്ടവർ ന്യായവിധി നടത്തും എന്നു ബൈബിൾ വെളിപ്പെടുത്തുന്നു. രക്ഷിക്കപ്പെടാത്തവർക്കു നീതിയുള്ള ന്യായവിധി ലഭിക്കുന്നത് അവർ കാണും, കാരണം ദൈവം നീതിമാനാണ്. ആയിരമാണ്ടിനു ശേഷം രക്ഷിക്കപ്പെട്ടവർ തങ്ങളുടെ കല്ലറകളിൽ നിന്നും എഴുന്നേറ്റു അവരുടെ അന്ത്യന്യായവിധി പ്രാപിക്കുന്നതാണ്. നേരത്തെ വിവരിച്ചതു പോലെ അവരെ തീപ്പൊയ്കയിൽ തള്ളിയിടുന്നതാണ്.

മുകളിൽ പറയുന്ന സമയരേഖ പഠിക്കാൻ മറന്നു പോകരുത്!

## സകലവും ദൈവത്തിന്റെ നിയന്ത്രണത്തിൽ

ലോകത്തിലെ ഭരണകർത്താക്കൾ ലോകത്തെ ഭരിക്കുന്നു എന്നു തോന്നുമെങ്കിലും എല്ലാം ദൈവത്തിന്റെ നിയന്ത്രണത്തിൽ ആണ്. തന്റെ ജനത്തെ മോചിപ്പിച്ചു താൻ ഇരിക്കുന്നിടമായ സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകുന്നതിനു വേണ്ടി ദൈവം തക്കസമയത്തു തന്നെ ഇടപെടുന്നതാണ്. (യോഹ. 14:1–3) ഈ യുദ്ധത്തിന്റെ ഫലത്തെക്കുറിച്ചു ബൈബിൾ ഇപ്രകാരം വിശദീകരിക്കുന്നു:

“തീ കലർന്ന പളുങ്കുകടൽ പോലെ ഒന്നാം മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചും കൊണ്ടും പളുങ്കുകടലിന്നരികെ നിൽക്കുന്നതും ഞാൻ കണ്ടു. അവർ ദൈവത്തിന്റെ ദാസനായ മോശയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയതു: സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ




9. രക്ഷിക്കപ്പെടാത്ത അവിശ്വാസികൾ കർത്താവിന്റെ വരവിങ്കൽ മരിച്ചു വീഴും
വെളി. 8:15-17; 20:5; 2 പത്രോ. 3:10-12.

10. നിർജ്ജനമായ ഭൂമിയിൽ സാത്താനും അവന്റെ ദൂതന്മാരും ആയിരമാണ്ടു കാലത്ത് ബന്ധിക്കപ്പെടും
വെളി. 20:1-3; യിര. 4:23-26.

11. പുതിയ യെരുശലേം ഇറങ്ങി വരുന്നു
വെളി. 14:3-9; 21:2, 10.

12. തീപ്പൊയ്ക സാത്താനേയും ദുഷ്ടതയേയും എന്നെന്നേക്കു മായി നശിപ്പിക്കപ്പെടും

വെളി. 20:7-9; 20:13-15; 21:8; മലാ. 4:1-4; യെശ. 5:24.

13. രണ്ടാം പുനഃരുത്ഥാനം
യോഹ. 5:28, 29; വെളി. 20:5.

14. പുതിയ ഭൂമി
വെളി. 21:1-5; 22:1-5; 2 പത്രോ. 3:11, 12.

പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടേയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യമുള്ളവ" (വെളി. 15:23)

മൃഗവും (പാപ്പാത്വവും) അതിന്റെ സഖ്യകക്ഷികളും ആണോ അതോ കുഞ്ഞാടും (ക്രിസ്തു) അവന്റെ കൂടെയുള്ളവരുമാണോ വിജയിക്കുന്നതു എന്നു വെളി. 17:14 വ്യക്തമാക്കുന്നു. പരിസമാപ്തി ഇപ്രകാരമാണ് വിശദീകരിക്കുന്നത്:

"അവർ കുഞ്ഞാടിനോടും പോരാടും; താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ടു കുഞ്ഞാടു തന്നോടു കൂടെയുള്ള വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും" (വെളി. 17:14)

നാം അഭിമുഖീകരിക്കാൻ പോകുന്ന പോരാട്ടത്തിൽ ക്രിസ്തുവും അവനോടു കൂടെയുള്ളവരും ജയിക്കുന്നതാണ്. വിശ്വസ്തരായവർ യേശുവിന്റെ വിശ്വാസം ഉള്ളവർ ആണ്. അവർ ദൈവത്തോടുള്ള സ്നേഹത്താൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ യാതൊരു വിമുഖതയും ഇല്ലാതെ സന്തോഷത്തോടെ ദൈവത്തിന്റെ കൽപനകളെ അനുസരിക്കും. ബൈബിൾ ഇപ്രകാരം പറയുന്നു:

"നാം ദൈവത്തെ സ്നേഹിച്ചു അവന്റെ കൽപനകളെ അനുസരിച്ചു നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്നു അതിനാൽ അറിയും. അവന്റെ കൽപനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കൽപനകൾ ഭാരമുള്ളവയല്ല." (1 യോഹ. 5:23)

## അരാണ് യോജിക്കുന്നത്?

ക്രിസ്തുവിനു വേണ്ടി സമർപ്പിക്കപ്പെട്ട സ്ത്രീപുരുഷന്മാരാണ് ത്രിവിധ ദൂതുകൾ പ്രഘോഷിക്കുന്ന മൂന്നു ദൂതന്മാർ. അവർ അത്യുച്ചത്തിൽ ഈ ദൂതുകൾ ഘോഷിക്കുന്നതാണ്. പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഈ ദൂതുകൾ വ്യക്തമായും അത്യുച്ചത്തിലും അറിയിക്കുന്നതാണ്. ഞങ്ങളോടൊപ്പം ചേർന്നു മൂന്നു ദൂതന്മാരുടെ ദൂതുകൾ അറിയിക്കുന്നതിന് നിങ്ങൾക്കും

താൽപര്യമില്ലേ? ഈ തീരുമാനം എഴുതുന്നതിനുള്ള അവസരം ഇപ്പോൾ ആണ്.

പിശാചിന്റെ ചങ്ങലയാലും മറ്റു ശക്തികളുടെ സ്വാധീനത്താലും നിങ്ങൾ ബന്ധിതരാണെങ്കിൽ സ്വതന്ത്രരാകുന്നതിനുള്ള ശക്തിക്കു വേണ്ടി സ്വർഗ്ഗത്തിലെ ദൈവത്തോടു പ്രാർത്ഥിക്കുക. ബൈബിൾ നമ്മോടു അപേക്ഷിക്കുന്നത്:

"അന്യായ ബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക. പീഡിതരെ സ്വതന്ത്രരായി വിട്ടയക്കുക; എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം." (യെശ. 58:6).

നമ്മുടെ തോളിൽ ഈ ലോകം വെച്ചിരിക്കുന്ന സകല ഭാരങ്ങളിൽ നിന്നും വിടുതൽ ലഭിക്കുന്നതിനുള്ള ശക്തി പ്രാപിപ്പാൻ ഞാനും നിങ്ങളും പ്രാർത്ഥിക്കണം.

നാം കർത്താവിൽ സ്വാതന്ത്ര്യം പ്രാപിക്കാതിരിക്കുന്നതിനു വേണ്ടി അവർ നമ്മെ അനേകം മാനുഷീക കൽപനകളാൽ ബന്ധിക്കുന്നതിനു വേണ്ടി ശ്രമിക്കുന്നു, പാപഭാരത്തെ നീക്കുന്നതിനു വേണ്ടി സ്വർഗ്ഗീയ ശക്തികളുമായി സഹകരിക്കുമ്പോൾ മാത്രമേ നമുക്കു യഥാർത്ഥ സ്വാതന്ത്യം ലഭിക്കുകയുള്ളു. ബൈബിൾ ഈ പ്രോത്സാഹനത്തിന്റെ വാക്കുകൾ നമ്മോടു വീണ്ടും മുന്നറിയിക്കുന്നു:

"പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും." (യോഹ. 8:36)

"കർത്താവു ആത്മാവു ആകുന്നു; കർത്താവിന്റെ അത്മാവു ഉള്ളേടത്തു സ്വാതന്ത്ര്യം ഉണ്ട്." (2 കൊരി. 3:17)

നാം കൃപാകാലം അവസാനിക്കാൻ പോകുന്ന അന്ത്യസമയത്തു ജീവിക്കുന്നതു കൊണ്ടു സാത്താന്റെ കെണിയിൽ അകപ്പെട്ടു കഴിയുന്നവരെ രക്ഷിക്കുന്നതിനും അവർ രക്ഷയുടെ ദൂതുകൾ കാണുന്നതിനും വേണ്ടി അവരുടെ കണ്ണുകൾ തുറക്കുന്നതിന് വേണ്ടി നാം പ്രവർത്തിക്കേണ്ടതാണ്. ഇത് അവരിൽ നിന്നും പ്രതീക്ഷിക്കുന്നു. അന്ത്യകാലത്തെ സഭയെ "ലവോദിക്യ" എന്നു ബൈബിൾ വിളിക്കുന്നു. (വെളി. 3:14-32) ലവോദിക്യയുടെ സ്വഭാവം അലസതയും ശീതോഷ്ണാവസ്ഥയും ആണ്. ത്രിവിധ ദൂതുകളിൽ വിശ്വസിക്കുന്നു എന്നു അഭിമാനിക്കുന്ന ഭൂരിപക്ഷം പേരും ശിതോഷ്ണവാന്മാരാണ്, മറ്റുള്ളവർക്ക് ദൂതുകൾ നൽകുന്നതിന് വേണ്ടി അവർ യാതൊരു തീക്ഷ്ണതയും കാണിക്കുന്നില്ല. അവർ സ്വതന്ത്രരാണെന്നും തങ്ങൾക്ക് ഒന്നിനും മുട്ടില്ലെന്നും ഉള്ള അഹന്ത അവരെ ഭരിക്കുന്നു. അവരുടെ സ്വാർത്ഥത വിട്ടുകളയുവാൻ അവർ ഒരുക്കമല്ല. തങ്ങൾ സമ്പന്നന്മാരാണ്, ആത്മീയ കാര്യങ്ങളിൽ ഒരു കുറവും ഇല്ല എന്നു അവർ തങ്ങളെക്കുറിച്ചു ചിന്തിക്കും, പക്ഷെ അവർ ദരിദ്രരും കുരുടരും നഗ്നരും ആണ്. അവരുടെ യഥാർത്ഥ അവസ്ഥ അവർക്കു കാണാൻ കഴിയുകയില്ല. ഞാനും നിങ്ങളും ഇതേ ശീതോഷ്ണാവസ്ഥയിൽ ആണോ?

നമുക്കു കർത്താവിനു നന്ദി അർപ്പിക്കാം! പ്രത്യാശയ്ക്കു വകയി

ല്ലാത്ത അവസ്ഥയിൽ അവൻ നമുക്കു ഒരു വഴി തുറന്നു തരുന്നു. നാം മാന സാന്തരപ്പെട്ടു കണ്ണിൽ എഴുതുവാൻ ലേപനം വാങ്ങുന്നതിനു വേണ്ടി കർത്താവു സ്നേഹവായ്പ്പോടു കൂടെയുള്ള പ്രേരണയും ആയി നമ്മുടെ അടുക്കലേക്കു വരുന്നു. (വെളി. 3:18) പരിശുദ്ധാത്മാവിലൂടെ നമ്മുടെ മനഃസാക്ഷിയോടു സംവാദിക്കുന്ന ദൈവവചനമാണ് ഈ ലേപനം. സാത്താന്റെ വഞ്ചനാപരമായ ആക്രമണങ്ങളേയും പാപത്തെയും തിരിച്ചറിഞ്ഞു അതിനെ അതിജീവിക്കുന്നതിനും സത്യത്തെ കണ്ടെത്തി അതിനെ അനുസരിക്കുന്നതിനും ആവശ്യമായ ആത്മീയ ശക്തി ഇത് പ്രദാനം ചെയ്യുന്നതാണ്. ഇപ്രകാരമുള്ള മാനസാന്തരം നമ്മിൽ ഉണ്ടാകുമ്പോൾ ദൈവം നമ്മെ വീണ്ടും ഈ സത്യവേലയിൽ ഉപയോഗിക്കുകയും നാം ധീരസാക്ഷികളായിത്തീരുന്നതും ആണ്.

നിങ്ങളെത്തന്നെ ദൈവവേലയ്ക്കു വേണ്ടി സമർപ്പിച്ചു ഞങ്ങളോടൊപ്പം ചേർന്നു സാക്ഷീകരണത്തിലൂടെ ത്രിവിധ ദൂതുകൾ ഘോഷിക്കും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ഇത് നഷ്ടപ്പെട്ട ലോകത്തിനുള്ള ദൈവീകകൃപയുടെ അന്ത്യമുന്നറിയിപ്പിൻ ദൂത് ആയതുകൊണ്ടു നമ്മുടെ തോളിൽ വഹിച്ചുകൊണ്ടു ഭയഭക്തിയോടെ നിറവേറ്റേണ്ട വലിയ ഉത്തരവാദിത്വമാണിത്. ഈ ലോകത്തിന്റെ അവസാന നാളുകളിലേക്കു പ്രവേശിച്ചിരിക്കുകയാണെന്ന് നാം മനസ്സിലാക്കിയിരിക്കണം. കൃപാകാലം തീർന്നു. കർത്താവിന്റെ വരവു ആയിക്കഴിഞ്ഞാൽ പിന്നെ യാതൊരു അവസരവും നമുക്കു ലഭിക്കുകയില്ല. നമ്മുടെ ഹൃദയങ്ങളേയും മനസ്സുകളേയും സമർപ്പിക്കുന്നതിനുവേണ്ടി പരിശുദ്ധാത്മാവു വിളിക്കുമ്പോൾ നാം അനുകൂലമായ മറുപടി നൽകേണ്ടതാണ്.

മൂന്നു ദൂതമാരുടെ ദൂതുകൾ പ്രചരിപ്പിക്കുന്നതു ഒരു പദവിയായി അംഗീകരിച്ചു കടന്നു വരുന്നതിനു വേണ്ടി ഈ വാക്കുകൾ വായിക്കുന്ന അനേകം പേർക്കു് ഇടവരട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. കൊയ്ത്തു അധികം ഉണ്ട്, വേലക്കാരോ ചുരുക്കം. തങ്ങളെത്തന്നെ ദൈവത്തിനു വേണ്ടി സമർപ്പിക്കുന്നവരെ ദൈവം എടുത്തു വിനിയോഗിക്കുന്നതാണ്. ഞാനും നിങ്ങളും ഈ കൂട്ടത്തിൽ ഉൾപ്പെടു ന്നതിന് വേണ്ടി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ആശംശകളോടെ,**<br>
**ബനറ്റും സ്ട്രക്നസും**<br>
**വെസ്റ്റി ഡി വേഗൺ 3111 3522**<br>
**ജോനേരോ, നോർവേ**

ഈ വിഷയത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിന് ഞങ്ങൾക്ക് എഴുതുക:

**വോയ്സ് ഓഫ് പ്രോഫസി,**<br>
**പോസ്റ്റ് ബോക്സ് 740,**<br>
**എവർഗ്രീൻ ലെയിൻ,**<br>
**മൂസ്പെറ്റ് റോഡ്, തൃശ്ശൂർ**<br>
**– 680005.**

പ്രിയ വായനക്കാരേ,

നിങ്ങളെ പാപത്തിൽ നിന്നും പൂർണ്ണമായി വിടുവിക്കുന്നതിനു വേണ്ടി ദൈവം തന്റെ ഏകജാതനായ പുത്രൻ യേശുക്രിസ്തുവിനെ കാൽവറി ക്രൂശിൽ മരിക്കുന്നതിനു അയച്ചതിലൂടെ ദൈവം നിങ്ങളെ കൂടുതലായി സ്നേഹിക്കുന്നു. ദൈവവചനത്തിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ ഇഷ്ടം അനുസരിച്ചു കുഞ്ഞാടിനെ അനുഗമിക്കുന്ന എല്ലാ വിശുദ്ധന്മാരേയും ചേർക്കുവാൻ യേശു എത്രയും പെട്ടെന്ന് ഒരു ദിവസം വരുമ്പോൾ നിങ്ങൾ പിന്തള്ളപ്പെട്ടു പോകാതിരിക്കുന്നതിനു വേണ്ടി ദൈവത്തിന്റെ നിസ്തുല്യ സ്നേഹത്താൽ അവസാനകാലത്തേയ്ക്കുള്ള ഈ ദൂത് നിങ്ങളേയും അറിയിച്ചിരിക്കുന്നു.

നിത്യാഗ്നിയിലെ നിത്യമരണത്തിൽ നിന്നും നിങ്ങളെ രക്ഷിക്കാനുള്ള ആഗ്രഹത്താൽ നിങ്ങളെ അധികമായി സ്നേഹിക്കുന്നു. അതുകൊണ്ടു ദൈവത്തിന്റെ പദ്ധതിയെക്കുറിച്ചും ബൈബിൾ പ്രവചനങ്ങളെക്കുറിച്ചും നിങ്ങൾ കൂടുതലായി മനസ്സിലാക്കണം. ആരോഗ്യകരമായ ശരീരത്തിനു മാത്രമേ ആരോഗ്യകരമായ മനസ്സു ഉണ്ടാവുകയുള്ളു. അതുകൊണ്ടു നിങ്ങളുടെ ആരോഗ്യ സംബന്ധമായ ജീവിതത്തെക്കുറിച്ചു ദൈവത്തിനു ഒരു പദ്ധതിയുണ്ട്.

ആരോഗ്യകരമായ ശരീരവും മനസ്സും ലഭിക്കുന്നതിലൂടെ നിങ്ങൾക്കു ബൈബിൾ പ്രവചനങ്ങളെക്കുറിച്ചു ശരിയായതും വ്യക്തമായതുമായ അറിവു ലഭിക്കുകയും നിങ്ങൾക്ക് കുടുംബവുമായും സുഹൃത്തുക്കളുമായി യഥാർത്ഥ സന്തോഷവും സമാധാനവും അനുഭവിക്കാനും ആയിരമായിരം ദൂതന്മാരുടെ കർത്താവായ യേശുക്രിസ്തു വാനമേഘങ്ങളിൽ വരുമ്പോൾ അവനെ എതിരേൽക്കുന്നവരുടെ കൂട്ടത്തിൽ നിങ്ങൾ കാണപ്പെടുന്നതുമാണ്. ആരോഗ്യകരവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിനു മറ്റുള്ളവരെ അനുഗ്രഹിക്കുന്നതിനും വേണ്ടി ദൈവം നിങ്ങളെ ഇടയാക്കട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈ കാലത്തേയ്ക്കുള്ള ദൂതു പ്രചരിപ്പിക്കുന്നതിലൂടെ ഞങ്ങളെ സഹായിക്കാൻ നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

അന്ത്യകാലത്തേയ്ക്കുള്ള ദൂത് ഞങ്ങളുടെ വെബ്സൈറ്റിലൂടെ അനേകം ഭാഷകളിൽ നിങ്ങൾക്കു ലഭിക്കും. നിങ്ങൾ ആത്മീകമായി വളർന്നു കർത്താവായ യേശുക്രിസ്തുവിന്റെ വരവിനുവേണ്ടി ഒരുങ്ങുന്നതിനു ഞങ്ങളുടെ ദൂതുകൾ മനസ്സിലാക്കാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു.

ഞങ്ങളുടെ വെബ്സൈറ്റ്: **www.endtime.net**
ഞങ്ങളുടെ ഇമെയിൽ അഡ്രസ്സ്: **endtime@yahoo.in**
**abels@online.no**

ഞങ്ങളുടെ ഫെയിത്ത് മിനിസ്ട്രിയെ സഹായിക്കുന്നതിനു സംഭാവനകൾ അയയ്ക്കാനുള്ള വിവരത്തെക്കുറിച്ചു ഞങ്ങളുടെ ഇമെയിൽ അഡ്രസ്സിൽ ബന്ധപ്പെടുക.

തപാൽ വേദപഠനം ലഭിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ഏതെങ്കിലും വിലാസത്തിൽ എഴുതുക. നിങ്ങൾക്ക് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നെങ്കിലോ അഥവാ എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടെങ്കിലോ നിങ്ങളെ വ്യക്തിപരമായി സന്ദർശിച്ചു ബൈബിൾ പഠനം നൽകുന്നതിനു വേണ്ടി താഴെപ്പറയുന്ന ഏതെങ്കിലും വിലാസത്തിൽ ബന്ധപ്പെടുക:

**End Time Message,**
**P.O. Box 75,**
**Bareilly 243001,**
**U.P., India.**
**e-mail:**
**endtime@yahoo.in**

**VOP Principal,**
**Bible Correspondent School**
**Adventist Media Centre,**
**P.O. Box 1446, Marketyard,**
**Pune 411037, India.**
**e-mail: endtime@yahoo.in**

പ്രാദേശിക വിതരണക്കാർ:
**Voice of Prophecy,**
**Post Box 740,**
**Evergreen Road,**
**Thrissur, 680005,**
**Kerala, India.**




പ്രശ്നങ്ങളുടെ
നടുവിൽ വെളിപ്പെടുത്തപ്പെട്ട
മൂന്നു ദൂതുകൾ നമുക്ക
പ്രത്യാശയുടെ കിരണങ്ങൾ
പ്രദാനം ചെയ്യുന്നു!

“മനം കവരുന്ന വായന! പോരാട്ടം ഒരു പുതിയ വഴിത്തിരിവിൽ! വലിയ മാധ്യമങ്ങളിൽ കാണാൻ കഴിയാത്ത അനേകം കാര്യങ്ങൾ നിങ്ങൾക്ക് ഇവിടെ കണ്ടെത്താൻ കഴിയും... സ്നേഹപൂർവ്വം ഈ ലഘുലേഖ ഞങ്ങൾ ശുപാർശ ചെയ്യുന്നു.”

-റേഗ്ഗി റൈറ്റ്, മരുഭൂമിയിലെ ശബ്ദം.